മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 10 THE ONLINE OFFICIAL NEWS BULLETIN 2025 March 06

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 9 Garbo (Leper) 2nd Sunday of Great Lent Comme. of the 40 Martyrs of Sebaste. 134th Mem. of Ambattu Geevarghese Mar Coorilose Metropolitan (Angamaly Cheriya Palli) 2	10 6	11 2	12 6	13 2	14 6	15 2



മലങ്കരസഭയിൽ വേണ്ടത് സമാന്തര ഭരണമല്ല സമാധാനമെന്ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

കോട്ടയം: സുപ്രീംകോടതിയുടെ 2017–ലെ അന്തിമ വിധിയിലൂടെ മലങ്കര സഭാ തർക്കം അതിന്റെ അന്ത്യത്തിലേക്ക് എത്തിയതാണ്. അവകാശവാദങ്ങളും, തർക്കങ്ങളും കീഴ്കോടതികൾ മുതൽ കേട്ടും വിലയിരുത്തിയും വസ്തുതകൾ പരിശോധിച്ചും പരമോന്നത നീതിപീഠം വിധി കൽപ്പിച്ചു. 1934–ലെ ഭരണഘടന യാൽ മലങ്കരസഭഭരിക്കപ്പെടണമെന്നത് കോടതിയുടെ തീർപ്പാണ്. മലങ്കരയിലെ സമാന്തരഭരണത്തിന് രാജ്യത്തിന്റെ സുപ്രീംകോടതി അന്ത്യം കുറിയ്ക്കുകയും ചെയ്തു. എന്നാൽ കോടതിവിധിക്ക് ശേഷവും സമാധാന പുനഃസ്ഥാപനം വൈകുന്നത് ഖേദകരമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ വിഷയത്തെ വളരെ ആഴത്തിൽ പരിശോധിച്ചു.

മലങ്കരസഭാ മക്കൾ ഭൂരിപക്ഷവും സമാധാനം ആഗ്രഹിക്കുന്നു. ഇതിനിട യിൽ വീണ്ടും സമാന്തരഭരണത്തിനുള്ള നീക്കം നടത്തുന്നത് നിലവിലെ സമാ ധാന അന്തരീക്ഷത്തെ തകർക്കും. മലങ്കരസഭയും അതിന്റെ ആത്മീയ–ലൗകിക അധികാരങ്ങളും പൗരസ്ത്യകാതോലിക്കായിലും മലങ്കര മെത്രാപ്പോലീത്ത യിലും നിക്ഷിപ്തമാണ്. ഈ സത്യം നിലനിൽക്കെ സമാന്തര അധികാര സ്ഥാനികളെ വാഴിക്കാനുള്ള ചിന്ത തന്നെ കോടതിയലക്ഷ്യവും നിരാശാജനക വുമാണ്. ഒരുമിച്ച് നിന്നാൽ മലങ്കര സഭ കേരളത്തിലെ വലിയ ക്രൈസ്തവ ശക്തിയാണ്. ഭിന്നതകൾ അടുത്ത തലമുറയിലേക്ക് കൈമാറരുത്. ഈ യാഥാർ ത്ഥ്യത്തെ ഉൾക്കൊള്ളാൻ എല്ലാവരും തയാറാകണമെന്ന് പ. സുന്നഹദോസ് ആഹ്വാനം ചെയ്തു. സഭയുടെ മറ്റു സമിതികൾക്കൂടി ഈ ചിന്ത ചർച്ച ചെയ്യേ ണ്ടതുണ്ടെന്നും സുന്നഹദോസ് വിലയിരുത്തി.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മറ്റ് തീരുമാനങ്ങൾ:

1. സഭയുടെ എക്യുമെനിക്കൽ ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ദേശീയ അന്തർദേശീയ തലങ്ങളിൽ വിവിധ സഭകളുടെ അധ്യക്ഷൻമാരെ സന്ദർശിക്കാനും, സമൂഹത്തെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങളിൽ ഒറ്റക്കെട്ടായി പ്രതികരിക്കാനും ധാരണയായി.

2. സഭയുടെ വിവിധ ഭദ്രാസനങ്ങളുമായി ബന്ധപ്പെട്ടകാര്യങ്ങൾ സുന്നഹദോ സിൽ ചർച്ച ചെയ്തു.

3. ഭദ്രാസനതലങ്ങളിൽ ജോബ് ഓപ്പർച്യൂണിറ്റി സെന്ററുകൾ തുടങ്ങുന്നത് പരിഗണിക്കണം.

4. സഭയിലെ 40 മുതൽ 60 വയസുവരെ പ്രായമുള്ളവർക്കായുള്ള സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രസിഡന്റായി മദ്രാസ് ഭദ്രാസ നാധിപൻ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.

5. 60 വയസിന് മുകളിൽ പ്രായമുള്ളവർക്കായുള്ള സെന്റ് ജോസഫ് എൽ ഡേഴ്സ് ഫോറം പ്രസിഡന്റായി മലബാർ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.

6. ന്യൂനപക്ഷ കമ്മീഷന്റെ ആനുകൂല്യങ്ങൾ സഭാംഗങ്ങൾക്ക് ലഭിക്കുന്നു ണ്ടെന്ന് ഉറപ്പാക്കാൻ ഭദ്രാസനങ്ങൾ ശ്രദ്ധ ചെലുത്തണം.

7. മദ്യ – മയക്കുമരുന്ന് വിപത്തിനെതിരെ ഇടവകതലത്തിൽ ആധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ വിവിധ സ്ക്വാഡുകൾ രൂപീകരിക്കാൻ തീരുമാ നിച്ചതായും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അറിയിച്ചു.



കണ്ടനാട് വെസ്റ്റ് ഭദ്രാസന ദിനാഘോഷവും കുടുംബ സംഗമവും പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. ഭദ്രാസനതലപ്പള്ളിയായ കണ്ടനാട് വി. മർത്തമറിയം ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിലെ നാലാം മാർത്തോമാ നഗറിലാണ് ദിനാഘോഷം നടത്തപ്പെട്ടത്. ഭദ്രാസന സഹായ മെത്രാപ്പോലീത്ത സഖറിയ മാർ സേവേറിയോസ് പൊതുസമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. മലങ്കര സഭ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ മുഖ്യപ്രഭാഷണം നടത്തി.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ലേഖനം

മലങ്കര സഭാഭരണഘടനാ നവതി: ഒരു തിരിഞ്ഞു നോട്ടം

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ

2024 ഡിസംബർ മാസം 26-നു മലങ്കര സഭയിൽ വ്യവസ്ഥാപിതമായ ഒരു ഭരണഘടന രൂപം കൊണ്ടിട്ടു തൊണ്ണൂറ് വർഷം തികഞ്ഞിരിക്കുന്നു. അതായതു 1934 ഡിസംബർ മാസം 26-നു കോട്ടയം എം. ഡി. സെമിനാരി അങ്കണത്തിൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കിയ ഭരണഘടനയ്ക്ക് ഇപ്പോൾ തൊണ്ണൂറ് വയസായിരിക്കുന്നു. സമകാലികലോകത്തിൽ ഏറ്റവും കൂടുതൽ മുഴങ്ങി കേൾക്കുന്ന ഒരു ശബ്ദമാണ് 1934-ലെ ഭരണഘടന എന്നത്. പ്രത്യേകിച്ച് 2017 ജൂലൈ 3-നു ഭാരതത്തിന്റെ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച വിധിപ്രസ്താവത്തിനു ശേഷം ഈ ശബ്ദത്തിനു കൂടുതൽ മുഴക്കവും വ്യാപ്തിയും ഉണ്ടായി എന്നത് യാഥാർഥ്യ മാണ്. മലങ്കരയിലെ കക്ഷി വഴക്കിനു പരിസമാപ്തി കുറിക്കുവാൻ തക്കവണ്ണം ഭാരതത്തിന്റെ പരമോന്നത നീതിപീഠം നടത്തിയ സുപ്രധാന വിധികളെല്ലാം തന്നെ ഈ ഭരണഘടനയുടെ സാധുതയെ ഉറപ്പിച്ചു (1958, 1995, 2002, 2017, etc...). പ്രത്യേകിച്ച് 2017-ലും തുടർന്നും വന്ന വിധികളിൽ മലങ്കരയിലെ എല്ലാ പള്ളികളും ഈ ഭരണഘടനപ്രകാരംതന്നെ ഭരിക്കപ്പെടണം എന്ന നിർദ്ദേശം കേരള സമൂഹത്തിൽ പൊതുവായി ചില ചലനങ്ങൾ സൃഷ്ടിച്ചു. വിദേശ മേധാവിത്വം കസേരകൾക്കുവേണ്ടി അലങ്കാരമായി കൊണ്ടുനടക്കുന്ന ചില ആളുകൾ കയ്യേറ്റം കൊണ്ട് തട്ടിയെടുത്ത സഭയുടെ പഴയ ദേവാലയങ്ങളിൽ പലതും അവരുടെ എതിർപ്പിനെ വകവെയ്ക്കാതെ ഈ ഭരണഘടനയുടെ തണലിലേക്കു മാറി. 1947-ൽ ഭാരതം ബ്രിട്ടിഷ് ആധിപത്യത്തിൽ നി ന്നു സ്വതന്ത്രമായതിനെ തുടർന്ന് രാജ്യത്തിനു ഒരു വ്യവസ്ഥാപിത ഭരണഘടന ഉണ്ടാക്കുവാൻ ഡോ. ബി. ആർ. അംബേദ്കർ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതി (Cotnsituent Assembly of India) നിയമിച്ചു. ഒട്ടേറെ ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കുമൊടുവിൽ അവർ രൂപപ്പെടുത്തിയ ഇന്ത്യൻ ഭരണഘടന Cotnsituent Assembly 1949 നവംബർ 26-നു അംഗീകരിക്കുകയും 1950 ജനുവരി 26-നു അത് നിലവിൽ വരുകയും ചെയ്തു. എന്നാൽ അതിനു പതിനഞ്ചു വർഷങ്ങൾക്കു മുമ്പ് നിലവിൽ വന്ന (1934 ഡിസംബർ 26) മലങ്കര സഭാ ഭരണഘടനയുടെ നിർമ്മാണത്തിനു അതി ലും ദൈർഘ്യമേറിയ സമയം എടുത്തു എന്നത് നാം പ്രത്യേകം ശ്രദ്ധിക്കണം. അന്ത്യോഖ്യൻ അടിമത്തം ആഗ്രഹിക്കുന്ന നമ്മുടെ സഹോദരങ്ങൾ കൈപ്പുസ്തകം എന്ന് പരിഹസിച്ചാക്ഷേപിക്കുകയും സ്ഥിരമായി കുൽസിതമാർഗ്ഗങ്ങളിലൂടെ നീതിന്യായകോടതികളുടെ മുമ്പാകെ എത്തിക്കുകയും ചെയ്യുന്ന മലങ്കര സഭാ ഭരണഘടന പോലെ ഇത്രയേറെ നിയമപരമായ പരിശോധനകൾക്കും അവലോകനങ്ങൾക്കും വിധേയമായ മറ്റേതെങ്കിലും ഭരണക്രമങ്ങളോ നിയമസമഹിതകളോ വേറെ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഓരോ തവണയിലെ പരിശോധനയിലും 1934-ലെ ഭരണഘടനക്ക് തിളക്കമേറു കയും ശോഭ വർദ്ധിക്കുകയും കുൽസിത പ്രവർത്തകർ പരാജിതരാവുകയും ചെയ്യുന്ന സത്യമാണ് നാം കണ്ടി ട്ടുള്ളത്. ഇനിയും അങ്ങനെ തന്നെ ആകും എന്ന് നമുക്ക് പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ചെയ്യാം. അങ്ങനെ എങ്കിൽ ഇതിന്റെ രൂപീകരണത്തിന്റെ പിന്നിലെ തയ്യാറെടുപ്പുകളും കഷ്ടപ്പാടുകളും നമുക്ക് മനസ്സിലാക്കാവു ന്നതേയുള്ളൂ. ഇവിടെ ആണ് ഒരു തിരിഞ്ഞുനോട്ടത്തിന്റെ ആവശ്യകത വരുന്നത്. മലങ്കര സഭയുടെ പുത്രനായ ശ്രീ. ഡെറിൻ രാജു 'മലങ്കര സഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ' എന്ന തലക്കെട്ടിൽ ഒരു പഠനഗ്രന്ഥം 2019 -ലും അതിന്റെ പരിഷ്‌ക്കരിച്ച പതിപ്പ് 2023-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഭാ ഭരണഘടന സംബന്ധിച്ചു ചില ലേഖനങ്ങളും ശ്രദ്ധയിൽ വന്നിട്ടുണ്ട്. അതിനപ്പുറമായി എന്തെങ്കിലും പഠനങ്ങൾ ഇത് സംബന്ധിച്ചു ഉണ്ടായതായി അറിവില്ല. ചരിത്രത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം എന്ന നിലയിൽ വളരെ പ്രാധാന്യം



ഉണ്ടെന്നു കരുതുന്ന ചില കാര്യങ്ങൾ ഇവിടെ കുറിക്കുന്നു:

1. സ്വത്വബോധവും സ്വാതന്ത്ര്യേച്ഛയുമുള്ള സമൂഹം

ക്രിസ്തുശിഷ്യനായ പരിശുദ്ധ മാർത്തോമ്മാ ശ്ലീ ഹായാൽ എ. ഡി. 52-ൽ ഭാരതത്തിൽ സ്ഥാപിതമായ മലങ്കരസഭയെ മാർത്തോമാ ക്രിസ്ത്യാനികൾ, മലങ്കര നസ്രാണികൾ എന്നൊക്കെ വിളിച്ചിരുന്നതായി നമുക്കറിയാം. ഈ സഭ പതിനാറാം നൂറ്റാണ്ടുവരെ പേർഷ്യായിൽ നിന്ന് ബിഷപ്പുമാർ വന്നിട്ടുണ്ടെങ്കിലും അതിന്റെ ഏകതയും വിശുദ്ധിയും കാതോലികതയും അപ്പോസ്തോലികതയും ദേശീയബോധവും നിലനിർത്തി ഒന്നായി വളർന്നു വന്ന ഒരു സമൂഹമായിരുന്നു. എന്നാൽ പോർച്ചുഗീസുകാരുടെയും അവരുടെ പിന്നാലെ വന്ന റോമൻ കത്തോലിക്കാ മിഷനറിമാരുടെയും വരവിനു ശേഷം പതിനാറാം നൂറ്റാണ്ടിൽ നിലനിന്ന രാഷ്ട്രീയ അടി മത്വ സംസ്കാരത്തിന്റെ മറപിടിച്ചുകൊണ്ട് മലങ്കരസഭയെ ലത്തീനികരിക്കുകയും റോമൻ കത്തോലിക്കാ സഭയുടെ കിഴിൽ കൊണ്ടുവരുകയും ചെയ്ത ഒരു ചരിത്രമുണ്ട്. എ. ഡി. 1599-ലെ ഉദയമ്പേരൂർ സുന്നഹാദോസിനു ശേഷം 1653 ലെ കൂനൻകുരിശുസത്യം വരെയുള്ള ഏകദേശം അര നൂറ്റാണ്ടു കാലം മലങ്കരമക്കൾ മുഴുവനായി റോമൻ കത്തോലിക്കാ നുകത്തിനു വിധേയപ്പെടേണ്ടി വന്നു എന്നത് ഭാരതസഭയുടെ കണ്ണുനീരിന്റെ കറുത്ത അദ്ധ്യായമാണ്. കൂനൻ കുരിശു സത്യത്തിനു ശേഷം മലങ്കരയുടെ ഒരു കൂട്ടം വിശ്വാസി

കൾ വിശ്വാസത്യാഗം നടത്തി വീണ്ടും റോമാ നുകത്തിനു വിധേയരായി എന്നതും സങ്കടത്തിന്റെ അദ്ധ്യായമാണ്.

കൂനൻകുരിശു സത്യത്തിലൂടെ റോമാ നുകത്തിൽനിന്ന് മുക്തി നേടാൻ ശ്രമിച്ച മലങ്കര നസ്രാണി സമൂഹം തങ്ങളുടെ വിശ്വാസത്തോടും ആരാധനാ ജീവിതത്തോടും അല്പമെങ്കിലും സാമ്യമുള്ള പൌരസ്ത്യ സഭകളോട് ബന്ധപ്പെടുവാൻ ശ്രമിച്ചതിന്റെ ഫലമാണ് 1665-ൽ തുടങ്ങിയ മലങ്കര-അന്ത്യോഖ്യാ ബന്ധവും തുടന്നുണ്ടായിട്ടുള്ള വ്യവഹാര ചരിത്രവുമെല്ലാം. റോമാനുകത്തിൽ നിന്ന്മുക്തി നേടിയ മലങ്കര സഭയുടെ അന്ത്യോഖ്യാ ബന്ധം ആരാധനാപരമായും വിശ്വാസപരമായും സഭക്ക് ഗുണകരമായെങ്കിലും കാലഗതിയിൽ മറ്റൊരു അടിമനുകത്തിന്റെ വരുതിയിൽ സഭ വീഴുന്ന ദുരന്തമാണ് വീണ്ടും സംഭവിച്ചത്. പല കാരണങ്ങൾ ഇതിനുണ്ടെങ്കിലും ഒരു പ്രധാന കാരണം നാം തന്നെയാണെന്നാണ് എന്റെ വിചാരം. മലയാളത്തിൽ ഒരു പഴഞ്ചൊല്ലുണ്ടല്ലോ: 'സായി പ്പിനെ കാണുമ്പോൾ കവാത്തു മറക്കും'. ഇത് നമ്മുടെ നാട്ടിൽ എക്കാലവും അന്വർത്ഥമാണ്. സഭയിലും രാഷ്ട്രീയത്തിലും ഒക്കെ ഇത് ഇന്നും സജീവമാണ്. സ്വത്വ ബോധത്തോടും യാഥാർഥ യാഥാർത്ഥ്യചിന്തയോടും സ്വാതന്ത്ര്യബോധത്തോടുംകൂടി മാറി മാറി വരുന്ന സാഹചര്യങ്ങളെ നോക്കി ക്കാണേണ്ട മലങ്കരയിലെ ഒരു കൂട്ടം വിശ്വാസികൾ അന്ത്യോഖ്യൻ സുറിയാനി സഭയുടെ അതി രുകടന്ന അധികാര മോഹത്തിന് അടിമകളാകുമ്പോൾ അതിനു ചൂട്ടു പിടിച്ചു കൊടുക്കുന്ന രാഷ്ട്രീയ- സാമുദായിക നേതാക്കളെ എങ്ങനെ വീക്ഷിക്കണം എന്നത് എപ്പോഴും ഒരു ചോദ്യമാണ്.

സഭകൾ തമ്മിൽ ആദ്യ നൂറ്റാണ്ടുകളിലെപ്പോലെ പരസ്പര സ്നേഹവും ബഹുമാനവും ആദരവും ഉണ്ടാകണം. അത് പരസ്പര സഹായത്തിന്റെയും പങ്കാളിത്തമനോഭാവത്തിന്റെയും ആത്മാവിൽ ആകണം. അതാണ് മലങ്കര സഭ എപ്പോഴും ആഗ്രഹിക്കുന്നത്. എന്നാൽ അത് അടിമത്തത്തിലേക്കു വഴുതിവീണാൽ സ്വത്വബോധമുള്ള മലങ്കരമക്കൾ അത് സഹിക്കില്ല.

(അങ്ങനെ ചിന്തിച്ചു വന്നവരിൽ ചിലർ വിശ്വാസപരമായും ആരാധനാപരമായും ഭരണപരമായും ഒക്കെ ചില അടിമത്വശൈലികൾ വീണ്ടും സ്വീകരിച്ചുവെന്നത് ഇവിടെ വിസ്മരിക്കുന്നില്ല).

2. മലങ്കരയിലെ തർക്ക പശ്ചാത്തലങ്ങൾ


എന്തായാലും മലങ്കരയിലെ കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലത്തെ തർക്കങ്ങളുടെ പശ്ചാത്തലമായി രണ്ടു വൈരുദ്ധ്യ ചിന്തകൾ നിലവിൽ വന്നിട്ടുണ്ട്.

1) ആരാധനയിലും വിശ്വാസത്തിലും ഒന്നായിരിക്കുന്ന മലങ്കരസഭ അന്ത്യോഖ്യൻ സുറിയാനി സഭക്കും അതിന്റെ തലവനായ പ. പാത്രിയർക്കീസ് ബാവായ്ക്കും അർഹമായ ബഹുമാനം നൽകും എന്നാൽ മലങ്കരയുടെമേൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് ബാവ പ്രകടിപ്പിക്കുന്ന അസഹിഷ്ണതയും അടിമത്ത- അധിശത്ത മനോഭാവവും മലങ്കര ഒരു കാരണവശാലും അംഗീകരിക്കില്ല. സഭയുടെമേൽ അനാവശ്യമായി അധികാരം ഉപയോഗിക്കുന്ന ഒരു പ്രവണതയും സ്വത്വ ബോധമുള്ള തലമുറകൾ സമ്മതിക്കില്ല.

2) അന്ത്യോഖ്യൻ പാത്രിയർക്കീസ് ബാവ കൽപ്പി ക്കുന്നതും ചെയ്യുന്നതുമെല്ലാം വിശുദ്ധ വേദപുസ്തക വാക്യം പോലെ സ്വീകരിക്കണം എന്ന ചിന്താഗതി. ഇതിനു അപവാദമായി ചില ചിന്തകൾ ചിലപ്പോഴൊക്കെ പ്രകടമാകുമെങ്കിലും കേരളത്തിൽ നിയമവിരുദ്ധമായ സമാന്തര കസേരകൾ ഉറപ്പിക്കണമെങ്കിൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് ബാവായുടെ കല്പനകൾ വിശുദ്ധ വേദവാക്യമായി സ്വീകരിക്കണം. അതിനുവേണ്ടി വിശുദ്ധ പത്രോസിന്റെ അപ്രമാദിത്ത ശ്ലൈഹിക അധികാരം, പത്രോസിനു മാത്രമുള്ള പൌരോഹിത്യ നൽവരം, തോമയുടെ പട്ടത്വമില്ലായ്മ, തോമയുടെ ആലങ്കാരിക സിംഹാസനം ഇങ്ങനെ വിശുദ്ധ വേദപുസ്തകവിരുദ്ധങ്ങളായ വിരോധാഭാസങ്ങൾ സമൂഹത്തിലേക്കു വ്യാപിപ്പിക്കുന്ന ചിന്താഗതി. ഈ രണ്ടു ചിന്താഗതികൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികമായി വിവിധ രൂപങ്ങൾ സ്വീകരിച്ചു കോടതി വ്യവഹാരങ്ങളായി രൂപാ ന്തരപ്പെട്ടിരിക്കുന്നത്.

3. ഭരണഘടനയുടെ രൂപീകരണത്തിലേക്ക്

മലങ്കര- അന്ത്യോഖ്യൻ ബാന്ധവത്തിന്റെ ബാക്കിപത്രമായി രൂപം കൊണ്ട കോടതി വ്യവഹാരങ്ങൾ സഭയിൽ ഭിന്നിപ്പും അസമാധാനവും വർദ്ധിപ്പിച്ചപ്പോൾ സഭയിലെ കക്ഷിവഴക്കുകൾ അവസാനിപ്പിക്കുവാനും അനുരഞ്ജനവും ഐക്യവും സമാധാനവും തിരിച്ചുകൊണ്ടുവരുവാനു മുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് സഭയുടെ പ്രവർത്തനങ്ങൾക്കും അധികാര- നേതൃത്വ കേന്ദ്രങ്ങൾക്കും വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകണമെന്ന ചിന്ത ചില പ്രമുഖരിൽ പ്രബലപ്പെട്ടത്. സഭയിലെ അധികാരശ്രേണിയിലുള്ള എല്ലാവരുടെയും അധികാരങ്ങളും ഉത്തരവാദിത്തങ്ങളും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായി രേഖപ്പെടുത്തി മുന്നോട്ടുപോയാൽ സഭയിൽ വ്യവസ്ഥാപിത ഭരണ രീതി നിലവിൽ വരുമെന്നും അതുവഴി സഭയ്ക്കകത്തു ഐക്യവും സമാധാനവും പുനസ്ഥാപിക്കാമെന്നും അവർ സ്വപ്നം കണ്ടു.


മലങ്കര ഓർത്തഡോക്സ്
സുറിയാനിസഭാ
ഭരണഘടന.

ഒന്നാം പതിപ്പ്
കോപ്പി 1000.

Printed at
The Malayala Manorama Press
Kottayam.

1110.

അവരുടെ സ്വപ്നത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും സാക്ഷാൽക്കരമാണ് 1934 ഡിസംബർ 26- നു കോട്ടയം എം. ഡി. സെമിനാരി അങ്കണത്തിൽ വച്ചു പരിശുദ്ധ ബാസേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ മഹനിയ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കിയ സഭാ ഭരണഘടന.

4. പൂർവ്വരേഖകൾ സഭാഭരണഘടനയുടെ നിർമ്മാണത്തിന് സഹായകമായി ചില പൂർവ്വരേഖകൾ സഭയിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്.

1) 1501-ൽ കൊടുങ്ങല്ലൂരിലെത്തിയ കബ്രാളിന്റെ കൂടെ റോമിലും വെനീസിലുമായി സഹയാത്ര ചെയ്ത ഇന്ത്യക്കാരൻ ജോസഫ് നൽകുന്ന സ്വത്തെയും ഭരണരീതികളെയും ആരാധനയെയും സംബന്ധിച്ച് നൽകുന്ന പരാമർശങ്ങൾ.

2) 1599 ലെ ഉദയമ്പേരൂർ സുന്നഹദോസ് വിളി ച്ചുകൂട്ടുന്നതുമായി ബന്ധപ്പെട്ടു ആർച്ച് ബിഷപ്പ് മെൻസിസ് 1599 മെയ് മാസം 14-നു അയച്ച സർക്കുലറിലെ സൂചനകൾ (മലങ്കര ഇടവകകളിലെ പ്രധാന തീരുമാനങ്ങൾ സഭയിലെ വൈദിക-അൽമായ സമിതികളിൽ ആണ്എടുത്തിരുന്നതെന്ന് സൂചനകൾ).

3) മലങ്കര നസ്രാണികളുടെ നടപ്പു രീതികൾ സംബന്ധിച്ചു ആർത്താറ്റ്, അങ്കമാലി, മാവേലിക്കര പുതിയകാവ്, കണ്ടനാട്, പരുമല തുടങ്ങി വിവിധ സ്ഥലങ്ങളിൽ കൂടിയ യോഗങ്ങളിലെ തീരുമാനങ്ങൾ അടങ്ങിയ പടിയോലകളും എഴുത്തുകളും. ഇതിൽ 1809-ൽ രൂപം കൊണ്ട കണ്ടനാട് പടിയോലയിൽ സഭയിലെ ഭരണ രീതി സംബന്ധിച്ചു ചില വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ട്.

1853-ൽ കോട്ടയം പഴയ സെമിനാരിയിൽ കൂടിയ യോഗത്തിൽ രൂപപ്പെട്ട കോട്ടയം ചട്ടവര്യോലയിൽ ഇടവക യോഗം, വികാരിയുടെ സ്ഥാനം, മെത്രാന്റെ അധികാരം, തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് 103 ഖണ്ഡികകൾ ഉണ്ട്.

4) 1873 ചിങ്ങം 25- നു പരുമലയിൽ കൂടിയ പള്ളി യോഗത്തിൽ പള്ളികളിലെ വരവ് ചെലവ് കണക്കുകൾ, മലങ്കര മെത്രാന്റെ തിരഞ്ഞെടുപ്പ് തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് 27 നിശ്ചയങ്ങൾ ഉണ്ട്. ഢ) 1876 ജൂൺ 27 മുതൽ 30 വരെ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിലെ 18 നിശ്ചയങ്ങൾ ഉണ്ട്. മലങ്കര സഭയുടെ അടിസ്ഥാനനിയമമായി 1889- തിലുണ്ടായ സെമിനാരി കേസിലെ റോയൽ കോടതി വിധിയും വട്ടിപ്പണ കേസ് അന്തിമ വിധിയും നൽകുന്ന ചില സുചനകൾ.

ഇങ്ങനെ പല രേഖകൾ ഉണ്ടെങ്കിലും സഭയുടെ പൊതു ഭരണ സംവിധാനത്തിനുതകുന്ന ഒരു പൊതു ഭരണഘടന രൂപപ്പെടുക എന്ന ആശയത്തിന്റെ ശക്തിയാണ് 1934- ഭരണഘടനയുടെ പശ്ചാത്തലം.

5. ഭരണഘടനയുടെ രൂപീകരണം: 1909 ജൂലൈ 11-നു മലങ്കര മെത്രാപ്പോലീത്താ മാർ ദിവന്നാസിയോസ് അഞ്ചാമൻ (പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ) കാലം ചെയ്തു. ഒരു പുരുഷായുസ് മുഴുവൻ ഒരു വശത്തു നിന്ന് അന്ത്യോഖ്യരെയും മറുവശത്തു നിന്ന് നവീകരണക്കാരെയും ധീരതയോടെ നേരിട്ട ആ മഹാമേരുവിന്റെ അന്ത്യം സഭയുടെ ഒരു പ്രത്യേക യുഗത്തിന്റെ അന്ത്യമായി മാറി. അദ്ദേഹത്തിന്റെ പിൻഗാമിയായി മലങ്കരസഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് അവരോധിക്കപ്പെട്ടു. കൂട്ടു ട്രസ്റ്റിമാരുടെ പ്രതിരോധം, അന്ത്യോഖ്യൻ സസ്പെൻഷൻ, മുടക്ക്, ഭാരതത്തിൽ പൗരസ്ത്യ കാതോ ലിക്കറ്റിന്റെ സ്ഥാപനം, ബഥനിയുടെ മാർ ഇവാനിയോസിന്റെ സഭാ ത്യാഗം, തുടങ്ങി വിവിധ വിഷയങ്ങളാൽ പ്രക്ഷുബ്ധമായിരുന്നെങ്കിലും മലങ്കര സഭയുടെ ക്രമീകൃതമായ ഭരണനിർവ്വഹണത്തിന് ഒരു ഭരണഘടന ഉണ്ടാകണമെന്ന ആവശ്യം, വാഗ്ദത്ത നാട്ടിലേക്ക് ഇസ്രാ യേലിനെ നയിച്ച മോശയെപ്പോലെ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ മാർ ദീവന്നാസിയോസ് പിതാവ് കഠിനമായി യത്നിച്ചു. മൂന്ന് വ്യത്യസ്ത ചിന്തകൾ ഭരണഘടനയുടെ രൂപീകരണത്തിൽ ഉണ്ടായി:

1) സഭയ്ക്ക് ഒരു ഭരണഘടനയുടെ ആവശ്യം ഇല്ല എന്ന ചിന്ത. വളയമില്ലാതെ ചാടി കസേരകൾ ഉറപ്പിക്കുവാൻ ശ്രമിക്കുന്നവരുടെ മുൻഗാമികളുടെ ചിന്താഗതി. വ്യവസ്ഥാപിതമായ ഒരു ഭരണഘടന ഉണ്ടായാൽ അത് തങ്ങളെ പിടിച്ചുകെട്ടുമെന്നും തങ്ങൾക്കു കസേര കിട്ടുകയില്ലെന്നും ചിന്തിച്ച ഇവരുടെ പിൻഗാമികൾ അവസാനം ഗത്യന്തരമില്ലാതെ വന്നപ്പോൾ 1934- ലെ സഭാഭരണഘടന സ്വീകരിക്കുന്നു എന്ന് കാണിച്ചു ബഹു. കോടതി മുമ്പാകെ സത്യവാങ്മൂലം എഴുതിക്കൊടുത്ത കഥ നാം മറക്കാറായിട്ടില്ല. അതും കഴിഞ്ഞു 2002 -ൽ റിബൽ ഭരണഘടന ഉണ്ടാക്കിയ സംഭവവും നാം മറന്നിട്ടില്ല. ഇക്കൂട്ടർ ഇപ്പോഴും സഭയുടെ വ്യവസ്ഥാപിത ഭരണഘടനക്കെതിരെ നടത്തുന്ന വ്യാജ പ്രസ്താവനകളും കുൽസിത പ്രവർത്തനങ്ങളിലൂടെ കോടതി കയറ്റലും നിരവധിയാണ് . സത്യം ഒരിക്കലും തോൽക്കില്ല. സത്യം ജയിക്കും. നേര് നിരങ്ങി ആണെങ്കിലും ജയി ച്ചിരിക്കും. അതുകൊണ്ട് നാം ആശങ്കപ്പെടേണ്ടതില്ല.

2) രണ്ടാമത്തെ വിഭാഗം സഭയിൽ എപ്പിസ്കോപ്പസിക്ക് വർദ്ധിതാധികാരം ഉണ്ടായിരിക്കണമെന്ന ചിന്താഗതിക്കാരാണ്. മനുഷ്യാത്മാക്കളുടെ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന എപ്പിസ്കോപ്പായ്ക്ക് മനുഷ്യന്റെ എല്ലാ കാര്യങ്ങളിലും കാര്യവിചാരകത്വം ഉണ്ടാകണമെന്ന ഹൂദായ കാനോൻ ഉദ്ധരണിയാണ് ഇവരുടെ ആധാരം.

3) ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പടപൊരുതുന്ന ഭാരതത്തിലെ സഭ എന്ന നിലയിൽ സഭയി ലും ജനാധിപത്യം വരികയും ജനത്തിന് കാര്യനിർവ്വഹണ കാര്യങ്ങളിൽ നിർണ്ണായകമായ അവകാശം ഉണ്ടാവുകയും ചെയ്യണമെന്ന ചിന്ത. മെത്രാധിപത്യവും വൈദികമേൽക്കോയ്മയും ഇല്ലാതാക്കിക്കൊണ്ട് സഭാഭരണത്തിൽ അത്മായർക്കുള്ള സ്ഥാനം എന്താണെന്ന് ജനഹൃദയങ്ങളിൽ സാമാന്യബോധം ഉദിപ്പിക്കുവാൻ വേണ്ടി 'സുറിയാനി സഭ' എന്ന പേരിൽ ഒരു മാസിക പോലും ഇക്കൂട്ടർ പ്രസിദ്ധീകരിച്ചു.

എന്തായാലും സഭയിൽ ഒരു വ്യവസ്ഥാപിത ഭരണഘടന ഉണ്ടാകണമെന്ന താല്പര്യത്തിന്റെ ഭാഗമായി 1930 സെപ്റ്റംബർ 4-നു മലങ്കര മെത്രാപ്പോലീത്താ പ. വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പഴയ സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ യോഗം 17 അംഗങ്ങളുള്ള ഒരു ഭരണഘടനാ നിർമ്മാണ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

പുതുക്കുഴിയിൽ എബ്രഹാം കത്തനാർ, പാറേട്ടു മാത്യൂസ് കത്തനാർ (മാത്യൂസ് മാർ ഇവാനിയോസ് തിരുമേനി), ടി. വി. ജോൺ കത്തനാർ, എൻ. ജി. കുര്യാക്കോസ് കത്തനാർ, ചെറിയ മഠത്തിൽ സ്കറിയ മൽപ്പാൻ, ശ്രീ. ഈ. ജെ. ജോൺ, ശ്രീ. കെ. സി. മാമ്മൻ മാപ്പിള, ശ്രീ. എ. എം. വർക്കി, ശ്രീ. സി. പി. തരകൻ, ശ്രീ. സി. റ്റി. ഈപ്പൻ, റാവു സാഹിബ് ഒ. എം ചെറിയാൻ (കൺവീനർ), ശ്രീ. പത്രോസ് മത്തായി, ശ്രീ. റ്റി. ജോസഫ്, ശ്രീ. ജേക്കബ് കുര്യൻ, ശ്രീ. കെ.റ്റി. മാത്യൂസ്. ശ്രീ. പി.റ്റി. ഈപ്പൻ, ശ്രീ. ഈ ജെ. ഫിലിപ്പോസ് എന്നിവരായിരുന്നു കമ്മിറ്റിയിലെ അംഗങ്ങൾ. മെത്രാധികാര വർദ്ധിത സംഘവും ജനാധിപത്യം മാത്രം എന്ന് പറയുന്ന സംഘവും തമ്മിൽ ശീത സമരവും ഉഷ്ണസമരവും ശക്തമായ രീതിയിൽ തന്നെ ഏകദേശം 4 വർഷം നിണ്ടുനിന്നു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഹായികളായി കൂടെ നിന്നവരിൽ പ്രമുഖർ പ. പാമ്പാടി തിരുമേനിയും പുത്തൻകാവിൽ കൊച്ചു തിരുമേനിയുമായിരുന്നു. അവർ അതിന്റെ പരിസമാപ്തി വരെ ആ നിലപാട് തുടർന്ന പിതാക്കന്മാരാണ്.


കേരളകേസരി

സുറിയാനിസഭയുടെ ഭരണഘടനയേക്കുറിച്ചുള്ള
അഭിപ്രായങ്ങൾ

മലങ്കരയുടെ നി. വ. ദി. ശ്രീ
മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ
തിരുമനസ്സുകൊണ്ട്

പ. വട്ടശ്ശേരിൽ തിരുമേനി ഭരണഘടനാ നിർമ്മാണ കമ്മിറ്റിയുടെ ആലോചനക്കുവേണ്ടി ഏകദേശം 156 ഖണ്ഡികകൾ അടങ്ങുന്ന നിർദ്ദേശങ്ങളുടെ നക്കൽ നൽകി. ജനാധിപത്യവാദികളായ അഞ്ചു പേർ ചേർന്ന് 81 ഖണ്ഡികകൾ അടങ്ങുന്ന മറ്റൊരു ഭരണഘടനാ നക്കൽ ഉണ്ടാക്കി.ഈ രണ്ടു നക്കലുകളെയും സമന്വ യിപ്പിച്ചു കൊണ്ട് കൺവീനറായ ശ്രീ. ഒ. എം. ചെറിയാൻ തയ്യാറാക്കിയ പൊതു നക്കലും തയ്യാറായി. എന്നിട്ടും തർക്കങ്ങളും വിതർക്കങ്ങളും കുറച്ചു നാൾ കൂടി തുടർന്നു. അവസാനം വളരെ ദീർഘമേറിയ ചർച്ചകൾ നടത്തി പരസ്പരം വിട്ടുവീഴ്ചകൾ ചെയ്ത് അവസാന ഘട്ടത്തിൽ എത്തിച്ചു.

1934 ഫെബ്രുവരി 23- -ന് പ. വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തു. മലങ്കര സഭയെ സംബന്ധിച്ച് ഒരു യുഗം വിടവാങ്ങിയെങ്കിലും അദ്ദേഹം കൊളുത്തിയ ഭരണഘടനാനിർമ്മാണം എന്ന അഗ്നി കെട്ടുപോയില്ല. അത് കൂടുതൽ പ്രകാശമാനമായി. മോശക്കു ശേഷം യോ ശുവായെ പോലെ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതി യൻ ബാവാ തിരുമേനി ആ ദൗത്യം ഏറ്റെടുത്തു. 1934 ഡിസംബർ 26-നു കോട്ടയം എം.ഡി. സെമിനാരിയിൽ പരിശുദ്ധ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അസോസിയേഷൻ യോഗം അതിന്റെ ആദ്യ പകുതിയിൽ 34 പേരടങ്ങുന്ന ഒരു സബ്ജെക്ട് കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ടി സബ്ജെക്ട് കമ്മിറ്റി പ. വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ ധാരണയിൽ എത്തിയ ഭരണഘടനാ നക്കൽ പുനഃപരിശോധിച്ച് അത്യാവശ്യം വേണ്ട എഡിറ്റിംഗ് നടത്തി രണ്ടാം പകുതിയിലെ യോഗത്തിൽ സമർപ്പിക്കുകയും യോഗം അത് പാസ്സാക്കുകയും ചെയ്തു. തുടർന്ന് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ മുൻകൂർ അംഗീകാരത്തോടെ യോഗം പാസ്സാക്കിയ ഭരണഘടനയിൽ ഒപ്പ് വെക്കുകയും മലയാള മനോരമ പത്രത്തിൽ അതു അച്ചടിപ്പിച്ച് പള്ളികളിൽ എത്തിക്കുകയും ചെയ്തു. ഭരണ ഘടനയുടെ ഒറിജിനൽ തപ്പുന്ന ആളുകളും ഡ്യൂപ്ലിക്കേറ്റ് ഉസ്താദുകളും ഈ വഴി ഒക്കെ ഒന്ന് പോകുന്നത് നല്ലതാണ്.

1934-ലെ മലങ്കര സഭാ ഭരണഘടന സഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. സഭ വ്യവസ്ഥാപിതമായി മുന്നോട്ടു പോകുവാൻ ഈ ഭരണഘടന വ്യക്തമായ ചില നിർദ്ദേശങ്ങൾ നമുക്ക് നൽകുന്നുണ്ട്. ഏറ്റവും പ്രധാനമെന്ന് തോന്നുന്ന ചില കാര്യങ്ങൾ മാത്രം ഇവിടെ കുറിക്കുന്നു:

1) സഭയുടെ സ്വയം ഭരണാധികാരവും സ്വയം ശീർഷകത്വവും (autonomy and autocephaly) ഈ ഭരണഘടന ഉറപ്പിക്കുന്നു. അന്ത്യോഖ്യ പാത്രിയർക്കീസ് ഉൾപ്പെടെയുള്ള ബാഹ്യ അധികാരികളിൽനിന്ന് ഈ സഭ സർവ്വസ്വതന്ത്ര ആണ്. ഇതിന്റെ ഭരണാധികാരം അപ്പോസ്തോലിക പാരമ്പര്യം ഉള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭകളെക്കാൾ വ്യക്തതയോടെ മുന്നോട്ടു പോകും.

2) അധികാര ശ്രേണിയിലുള്ള എല്ലാവരുടെയും ഉത്തരവാദിത്തങ്ങൾ കൃത്യമായി പറഞ്ഞു എല്ലാവർക്കും അധികാര പരിധി നിശ്ചയിച്ച് അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കിയിരിക്കുന്നു.

3) മലങ്കര മെത്രാപ്പോലീത്തായും / പൌരസ്ത്യ കാതോലിക്കയും, മെത്രാന്മാരും വൈദികരുടെയും അൽ മായരുടെയും പ്രധിനിധികളുമടങ്ങുന്ന മലങ്കര അസോസിയേഷൻ മലങ്കര സഭയുടെ പ്രധാന തീരുമാനങ്ങൾ എടുക്കുന്ന സമിതി ആയി ഉറപ്പിച്ചു. സഭയിൽ ഒരു സിനഡിക്കൽ ഭരണരീതി ശക്തമാക്കി. പ. സഭയുടെ മുഴുവൻ സ്പന്ദനങ്ങൾ അറിയാൻ ഇത് കാരണമായി. മലങ്കര അസോസിയേഷനാൽ തിരഞ്ഞെടുക്കപ്പെടുന്ന മാനേജിങ് കമ്മിറ്റി സഭയുടെ

എല്ലാ തലത്തിലുമുള്ള ഭരണപരവും സാമ്പത്തിക പരവുമായ വിധേയത്വവും സുതാര്യതയും ഉറപ്പു വരുത്തി.

4) പൌരസ്ത്യ കാതോലിക്ക അദ്ധ്യക്ഷനായുള്ള എപ്പിസ്കോപ്പൽ സുന്നഹദോസ് സഭയുടെ വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നി കാര്യങ്ങളുടെ കാര്യവിചാരകർ ആയി. ഭദ്രാസന മെത്രാപ്പൊലീത്താ, മെത്രാസന കൗൺ സിൽ, ഭദ്രാസന യോഗം, ഇടവക വികാരി, ഇടവക മാനേജിങ് കമ്മിറ്റി, ഇടവക യോഗം, തിരഞ്ഞെടുപ്പുകൾ, നി യമനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയിൽ സഭയിൽ അത്യാവശ്യം ഏകീകരണം വരുത്തി.

5) സഭക്കുള്ളിൽ ആഭ്യന്തര തർക്കങ്ങൾ ഉണ്ടായാൽ അവ പരിഹരിക്കുവാനും അതുവഴി ഐക്യം പുന:സ്ഥാപിക്കുവാനും സാദ്ധ്യതകൾ നൽകി.

6) സഭയിൽ എപ്പിസ്ക്കോപ്പസിയും ജനാധിപത്യവും സമന്വയിക്കപ്പെടുന്ന ഭരണ സംവിധാനം രൂപപ്പെടുത്തി.

7) ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിഷയങ്ങളിൽ മാറ്റം വരുത്താതെ കാലഗതി ക്ക് അനുസരണമായ ഭേദഗതികൾ നടത്തുവാൻ അനു വദിച്ചിട്ടുണ്ട്. സജീവമായ ഏത് നിയമസംഹിതയും കലാകാലങ്ങളിൽ അവലോകനം ചെയ്യപ്പെടുകയും പരിസ്ഥിതി കൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ചു അവ ഭേദഗതി ചെയ്യപ്പെടുകയും ചെയ്യുമെന്നത് സാധാരണയാണ്. എങ്കിൽ മാത്രമേ അതു കാലഘട്ടത്തിനു അനുയോജ്യമാവുകയുള്ളു. 1950 ജനുവരി 26-നു നിലവിൽ വന്ന ഭാരതത്തിന്റെ ഭരണഘടനയിൽ 2019 വരെ ഇതിനോടകം 103 ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. മലങ്കര സഭയുടെ 1934- ലെ ഭരണഘടനയിൽ 1951, 1967, 1997, 2006, 2011 എന്നീ വർഷങ്ങളിലായി ഇതിനോടകം അഞ്ചു ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 1997-ലെ ഭേദഗതി യാക്കോബായ വിഭാഗം ഇടവകകളുടെ പ്രാധിനിധ്യം സംബന്ധിച്ചു ബഹു. സുപ്രീം കോടതിയിൽ നൽകിയ അപേക്ഷ അനുസരിച്ചു കോടതി സഭക്ക് നൽകിയ നിർദ്ദേശം സ്വീകരിച്ചു ചെയ്തതാണെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുജനത്തിന്റെ മുമ്പിൽ സ്ഥിരമായി സഭാഭരണഘടയെ സ്ഥിരമായി ആക്ഷേപിക്കുന്നവരുടെ നിലപാടുകളിലെ വൈരുദ്ധ്യം മനസിലാക്കാൻ ഇതൊക്കെ ധാരാളം മതി.

എന്തായാലും ഇനിയുള്ള നാളുകളിലും സഭാ ഭരണഘടന ഭേദഗതികൾക്ക് വിധേയമാകുമെന്നത് സാധാരണ ആണ്. തദവസരത്തിൽ പ. വട്ടശ്ശേരിൽ തിരുമേനി നൽകിയ ഭരണഘടനാ നക്കലിലും ജനാധിപത്യ വാദികൾ നൽകിയ നക്കലിലും വളരെ സാംഗത്യമുള്ള ചില സംഗതികൾ അന്ന് ചേർക്കാത്തതായുണ്ട്. സഭക്ക് ഗുണകരമാകുന്ന രീതിയിൽ അവയിൽ ചിലതു കൂടി ചേർക്കാവുന്നതാണ്. പഠനങ്ങൾ തുടർന്നും നടക്കട്ടെ. മലങ്കര സഭാഭരണഘടനയെന്ന നിയമസംഹിതയെ പ്രാബല്യത്തിലെത്തിക്കുന്നതിൽ കഠിനമായി യത്നി ച്ച പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവർഗീസ് ദ്വിതി യൻ ബാവാ തിരുമേനി, തുടങ്ങിയ പിതാക്കന്മാരുടെയും പ്രഗത്ഭരായ വൈദിക- അൽമായ നേതൃനിരയുടെയും അമൂല്യമായ സംഭാവനക്കു നന്ദിയും അവരുടെ ഓർമ്മകൾക്ക് മുമ്പിൽ സ്നേഹപുഷ്പവും സമർപ്പിക്കുന്നു. മലങ്കര സഭയേ നി ധന്യവതി. സഭ ജയിക്കട്ടെ! മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ! ദൈവനാമം മഹത്വപ്പെടട്ടെ!

❑

പ. അന്ത്യോഖ്യ പാത്രിയർക്കീസ് സഭാ സമാധാന ശ്രമങ്ങളിൽ നിന്ന് പിന്മാറുവാൻ ശ്രമിക്കുന്നത് ദുഃഖകരം

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

2025 മാർച്ച് 25 മലങ്കര സഭയുടെ എല്ലാ സമാധാന ശ്രമങ്ങളെയും തകിടം മറിക്കുന്ന ദിനമായി മാറ്റുവാൻ പ. പാത്രിയർക്കീസ് ബാവ ശ്രമിക്കുന്നത് ദുഃഖകരവും, ഖേദകരവുമാണ്. ഇന്ത്യയുടെ പരമോന്നത നീതി പീഠത്തിന്റെ വിധികളെ തുഛികരിച്ച് മലങ്കരയിൽ ഒരു സമാന്തര ആൾകൂട്ടം നിലനിർത്തി ഭിന്നിപ്പിച്ച് ഭരിക്കുവാൻ ശ്രമിക്കുന്നത് സമൂഹത്തിൽ അസമാധാനത്തിന് മാത്രമേ ഉപകരിക്കു. ഒന്നായ മലങ്കര സഭയെ വെട്ടിമുറിക്കുവാൻ അകത്ത് നിന്നും, പുറത്ത് നിന്നും, വിദേശത്ത് നിന്നും എല്ലാം നടത്തുന്ന നീക്കത്തിന്റെ ഭാഗമാണ് പ്രതിയാർകീസ് ബാവായുടെ ഈ നടപടികൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിനെ നിസംഗതയോടെ നോക്കിക്കാണുവാൻ സാധ്യമല്ല. നിലവിലെ മലങ്കരയിലെ സാഹചര്യം ഉപയോഗപ്പെടുത്തുവാനും, വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ ഉള്ള സമാധാന ശ്രമങ്ങൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരി. കാതോലിക്കാ ബാവ തിരുമേനി ആഹ്വാനം ചെയ്യുമ്പോൾ പ. പാത്രിയർകീസ് ബാവായുടെ അസമധാനം സൃഷ്ടിച്ച് കൊണ്ടുള്ള സമാന്തര ഭരണ നീക്കം ഭാരത സഭയുടെ മേൽ ഉള്ള കടന്നുകയറ്റം ആണ്.

മുൻകാല മലങ്കര സഭാ ചരിത്രം മുതൽ ഇപ്പോൾ ക്നാനായ സഭയുടെ സ്ഥിതി വരെ ഈ കടന്നുകയറ്റത്തിന്റെ തിക്തഫലങ്ങളാണ്. അധികാരം ശൂന്യതയിൽ എത്തിയിട്ടും (Thus this Court also found that the revival of Catholicate reduced the power of Patriarch to a vanishing point. The power and authority of the Catholicos as per Kalpanas A-13 and A-14 were affirmed, re-enforced and enlarged in the 1934 Constitution.- 2017 july 3 supreme court page 111) മലങ്കര സഭയുടെ ഭരണഘടനക്കും, ഇന്ത്യയുടെ വ്യവസ്ഥക്കും എതിരായി ഒരു മഫ്രിയാനായെ തന്നെ വഴിച്ച് വിട്ട് ഈ സഭയെ മുൻഗാമികളെ പോലെ നെരിപ്പോട് പോലെ നീറിക്കുവാൻ ഉള്ള ശ്രമങ്ങൾ ദൈവീകമല്ല.

അന്ത്യോഖ്യ സിംഹാസനത്തോട് ഉള്ള ബഹുമാനവും, ആദരവും അതിൽ വാണരുളുന്ന പിതാവിന്റെ നിലപാടും, നടപടികളും മൂലം സ്വയം ഇല്ലാതാക്കുകയാണ്. ഉദരസ്നേഹം അനേകം പാപങ്ങളുടെയും മാതാവാകയാൽ മലങ്കരയിലെ പാവപ്പെട്ട ജനത്തെ ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു ഭിന്നിപ്പിച്ച് നിർത്തുവാൻ ശ്രമിക്കുന്നത് ഏത് ആത്മാവിൽ ആണ് എന്നത് വിശ്വാസ സമൂഹം തിരിച്ചറിയണം. ആട്ടിൻ തൊഴുത്തിന്റെ പിൻവാതിലിൽ കൂടി വരുന്നവൻ കള്ളനും കവർച്ചക്കാരനും ആണ്, അറപ്പാനും മുടിപ്പാനും അത്രേ അവർ വരുന്നത് എന്ന യേശുതമ്പുരാന്റെ വചനം നാം ഓർത്തുകൊള്ളണം. മുൻകാലങ്ങളിലും ഇതേപ്രകാരം തന്നെ തന്നിഷ്ടപ്രകാരവും കണ്ടുകാഴ്ചകളുടെ അടിസ്ഥാനത്തിലും ബദൽ സ്ഥാനികളെ വാഴിച്ചുവിട്ടതിന്റെ പരിമിതഫലമാണ് ഇന്നും തീരാത്ത ഈ കക്ഷിസ്പർദ. മലങ്കരയിൽ ഒരു ശെമ്മാശനെ പോലും വാഴിക്കുവാൻ അധികാരം ഇല്ലെന്നിരിക്കെ, (As per the historical background and the practices which have been noted, the Patriarch is not to exercise the power to appoint Vicar, Priests, Deacons, Prelates etc. Such powers are reserved to other authorities in the Church hierarchy. The Patriarch, thus, cannot be permitted to exercise the power in violation of the 1934 Constitution to create a parallel system of administration of Churches as done in 2002 and onwards.- 2017 July 3 supreme court Judgement) ഇന്ത്യൻ പരമോന്നത നീതിന്യായ വ്യവസ്ഥ പല ആവർത്തി പറഞ്ഞിട്ടും അവയൊന്നും മുഖവിലയ്ക്കെടുക്കാതെയുള്ള പ. പാത്രിയർക്കീസ് ബാവയുടെ ഏകപക്ഷീയവും സ്വാർത്ഥവുമായഈ നിലപാടും മലങ്കരസഭയിലെ സമാധനസാധ്യതകൾക്കെതിരായ കൈകടത്തലും തികച്ചും അപലപനീയവും പ്രതിഷേധാർഹവുമാണ്.

ഓരോ നാട്ടിലെയും നിയമത്തിന്റെ അടിസ്ഥാനത്തിൽ, നീതി നടപ്പാക്കിയെങ്കിൽ മാത്രമാണ് ശാശ്വതമായ സമാധാനം സംജാതമാകുകയുള്ളു. അനധികൃതമായി വരുന്നവർ 1934 ലെ സഭാ ഭരണഘടന പ്രകാരം ഭരിക്കപ്പെടുന്ന മലങ്കര സഭയുടെ ദേവാലയങ്ങളിൽ പ്രവേശിക്കുവാനും അധികാരം സ്ഥാപിക്കുവാനും ശ്രമിക്കുമ്പോൾ ഉണ്ടാക്കവുന്ന പ്രശനങ്ങൾ മുമ്പിൽ കണ്ടുകൊണ്ട് സർക്കാരുകൾ പക്ഷപാതപരമായ നിലപാട് മാറ്റി ആവശ്യമായ നിയമ നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെടുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഈ വലിയ നോമ്പുകാലത്ത് നാലു സുവിശേഷങ്ങളിൽ ഏതെങ്കിലും ഒരു സുവിശേഷം ദിവസവും കുറേശ്ശെ തുടർച്ചയായി വായിച്ച് ധ്യാനിച്ചാൽ അത് വലിയ ആത്മീയ ഊർജം നമുക്കു നൽകും. നിലത്തിരിക്കാൻ കഴിവുള്ളവരാണെങ്കിൽ, ഒരു പായ് വിരിച്ച് അതിലിരുന്ന്, ഗുരുവായ നമ്മുടെ കർത്താവിനെ സങ്കൽപിച്ച്, തന്റെ പാദങ്ങളിൽ കുമ്പിട്ട് നമസ്കരിച്ചുകൊണ്ട് വായിച്ചു തുടങ്ങാം.

രാവിലെ ഉണർന്നാലുടൻ മിക്കവരും തങ്ങളുടെ മൊബൈൽ ഫോണിന് ചാർജ് ഉണ്ടോയെന്ന് നോക്കാറുണ്ട്. രാത്രിയിൽ കിടക്കുന്നതിനു മുമ്പ് അത് ചാർജ് ചെയ്യാൻ കുത്തിയിട്ടിട്ടുണ്ടാകും. ഫോണിന്റെ ചാർജ് പോയാൽ ആ ദിവസം മുഴുവൻ വ്യർഥമായെന്ന് വിചാരിക്കുന്നവരുടെ എണ്ണം ലോകത്തിൽ കോടാനുകോടിയാണ്. വളരെയേറെപ്പേർ ഭ്രാന്തിന്റെ വക്കോളമെത്തുന്നു. മൊബൈൽ ഫോണിനു മുമ്പുള്ള തലമുറയിൽപ്പെട്ട ഭക്തരായ ആളുകൾ രാത്രി കിടക്കുന്നതിനു മുമ്പും രാവിലെ എഴുന്നേൽക്കുമ്പോഴും പ്രാർഥിക്കുന്ന രീതിയുണ്ടായിരുന്നല്ലോ. പ്രാർഥനയായിരുന്നു അവരുടെ ഊർജത്തിന്റെ ഉറവിടം. ഓരോ ദിവസത്തെയും അർഥപൂർണ്ണമാക്കുന്നത് പ്രാർഥനയുടെ ശക്തിയാണ്. ഇത് ഇന്ന് മിക്കവർക്കും പഴങ്കഥ ആയിരിക്കാം. എങ്കിലും നാമോർക്കണം വെറുമൊരു ഫോണിനെ നിയന്ത്രിക്കുന്ന നമ്മുടെ മനസ്സിനും ശരീരത്തിനും ആത്മാവിനും എത്രയധികം ഊർജവും ദിശാബോധവും ദിനംപ്രതി വേണ്ടിയിരിക്കുന്നു.

പൊതുവെ പറഞ്ഞാൽ നോമ്പെടുക്കുന്നതിന്റെ പ്രഥമ ലക്ഷ്യങ്ങളിലൊന്ന് ഈ ഊർജസംഭരണമാണ്. ക്രിസ്തീയ പാരമ്പര്യത്തിലെ വലിയ നോമ്പിൽ നാമിത് സവിശേഷമായി ഓർക്കണം. നമ്മുടെ കർത്താവായ മിശിഹാ തമ്പുരാന്റെ നാൽപതു ദിവസങ്ങളിലെ നോമ്പും പ്രാർഥനയും ഉപവാസവുമാണ് ക്രിസ്തീയ പാരമ്പര്യത്തിൽ നാം ആചരിക്കുന്ന വലിയ നോമ്പിന് (Great Lent) ഉറവിടവും മാതൃകയുമായത്. ”നസ്രേത്തിലെ തച്ചന്റെ മകൻ” എന്ന് നാട്ടുകാർ വിളിക്കയും, വെറും സാധാരണക്കാരനായി കരുതപ്പെടുകയും ചെയ്ത യേശു എന്ന യുവാവ് മരുഭൂമിയിൽ നാൽപതു ദിനരാത്രങ്ങൾ നോമ്പും ഉപവാസവും കണ്ണീരും പ്രാർഥനയുമായി തപസ്സനുഷ്ഠിച്ചശേഷം നാട്ടിൽ തിരിച്ചെത്തി. അപ്പോൾ നാട്ടുകാർ കണ്ടത് തികച്ചും വേറിട്ട ഒരു മനുഷ്യനെയാണ്. അവന്റെ അധരങ്ങളിൽ നിന്നുതിർന്ന ”ലാവണ്യവാക്കുകൾ” (ലൂക്കാ 4:22) കേട്ട് ജനം അദ്ഭുതം കൂറി. രോഗികളെ സൗഖ്യമാക്കുകയും വിശന്നിരിക്കുന്നവർക്ക് ഭക്ഷണം കൊടുക്കയും അഗതികളെയും തള്ളപ്പെട്ടവരെയും മാടിവിളിച്ച് ചേർത്തുപിടിക്കയും ചെയ്ത ”മറിയയുടെ മകൻ” അവരിൽ വിസ്മയം ജനിപ്പിച്ചു.

അദ്ഭുതസിദ്ധികൾ നേടാനായിരുന്നില്ല യേശു നോമ്പെടുത്ത് പ്രാർഥിച്ചത്. തനിക്കുവേണ്ടിയായിരുന്നില്ല യേശുവിന്റെ നോമ്പ്. മനുഷ്യവർഗത്തിന്റെ വിമോചനത്തിനും രക്ഷയ്ക്കും വേണ്ടിയാണ് താൻ പിതാവായ ദൈവത്താൽ അയയ്ക്കപ്പെട്ടത് എന്ന ബോധ്യത്തെ ഉറപ്പിച്ച്, മനുഷ്യസ്നേഹത്താൽ പ്രേരിതനായി, മനുഷ്യർക്കിടയിലേക്കിറങ്ങി, ”ദൈവരാജ്യത്തിന്റെ നീതിയും സമാധാനവും” കൈവരുത്താനാണ് യേശു നോമ്പെടുത്തത്. ”മരണത്തോളം, കുരിശിലെ മരണത്തോള”മാണ് (ഫിലിപ്പി 2:8) ആ നോമ്പ് യേശുവിനെ എത്തിച്ചത്. കുരിശിൽ തന്റെ ജീവൻ നൽകി മനുഷ്യവർഗത്തിന് ”സമൃദ്ധമായ ജീവൻ” (യോഹ. 10:10) നൽകാനാണ് യേശു നോമ്പെടുത്തത്.

നാം വലിയ നോമ്പിലേക്കു പ്രവേശിക്കുമ്പോൾ ചില കാര്യങ്ങൾ ചിന്തയ്ക്കായി സമർപ്പിക്കട്ടെ.

ഭക്ഷണവും നോമ്പും തമ്മിലുള്ള ബന്ധം എന്താണെന്ന് നാം തിരിച്ചറിയണം. നമുക്ക് ഇഷ്ടമുള്ള ഭക്ഷണം, പ്രത്യേകിച്ചും മത്സ്യമാംസാദികൾ, അമ്പതു നോമ്പിന്റെ ദിവസങ്ങളിൽ വേണ്ടെന്നുവയ്ക്കുന്ന രീതിയാണ് പൊതുവെ പൗരസ്ത്യ സഭകളിലുള്ളത്. പരമ്പരാഗതമായി നല്ല നോമ്പുകാർ, ശരീരത്തെ കൊഴുപ്പിക്കുന്ന പാലുൽപ്പന്നങ്ങൾ, എണ്ണകൾ തുടങ്ങിയവയും ഉപേക്ഷിക്കുന്നു. ഉച്ചവരെയോ ഉച്ചകഴിഞ്ഞ് മൂന്നു മണിയോ അഞ്ചുമണിയോ വരെ ഉപവസിക്കുന്നവരുമുണ്ട്. എന്നാൽ ഭക്ഷണവർജനം ഒരിക്കലും അതിൽത്തന്നെ നന്മയായി കരുതരുത് എന്ന് വേദപുസ്തകം ഉദ്ധരിച്ചുകൊണ്ട് പുരാതന സഭാഗുരുക്കന്മാർ ആവർത്തിച്ച് പഠിപ്പിക്കുന്നു. “ഭക്ഷണത്തിൽ നിന്ന് ഉപവസിക്കുകയും രഹസ്യത്തിൽ തന്റെ സഹോദരനെ കൊല്ലുന്നവരുമുണ്ട്” എന്ന് പഴയൊരു സുറിയാനി പ്രാർഥനയിൽ ചൊല്ലുന്നു. ഭക്ഷണകാര്യത്തിൽ നാം സംയമനവും വർജനവും അനുഷ്ഠിക്കുന്നതിന് സമാന്തരമായി നാം മനസ്സിൽനിന്ന് വിദ്വേഷം, വൈരാഗ്യം, ആർത്തി, ആഡംബരഭ്രമം, അസൂയ തുടങ്ങിയ അധമവാസനകളെ ഇല്ലാതാക്കണം. ശരീരത്തിന്റെ ദൈവദാനമായ സഹജചോദനകൾ - വിശപ്പ്, ലൈംഗികത എന്നിവയെ ഉചിതമായി നിയന്ത്രിക്കുകയും സ്നേഹം, സഹാനുഭൂതി, ആർദ്രത, പൊറുക്കൽ, നീതിയോടുകൂടിയ പ്രവർത്തികൾ, ദാനധർമ്മങ്ങൾ, എന്നിവയിൽ മുന്നേറുകയും ചെയ്യണം. ചുരുക്കത്തിൽ, നോമ്പനുഷ്ഠാനം നമ്മെ രൂപാന്തരപ്പെടുത്തി പുതിയ മനുഷ്യരാക്കണം.

അല്ലെങ്കിൽ, യേശു പറഞ്ഞതുപോലെ, നാം കിണ്ടികിണ്ണങ്ങളുടെ പുറം മാത്രം വൃത്തിയാക്കുന്നവരെപ്പോലെയോ ശവക്കല്ലറയുടെ പുറം ചായമടിച്ച് സുന്ദരമാക്കുകയും അകത്തെ അഴുക്കും ദുർഗന്ധവും അവശേഷിപ്പിക്കുന്നവരെപ്പോലെയോ ആകും (മത്തായി 23:25-27). ദൈവാലയത്തിൽ വന്ന് സ്വയം നീതീകരിച്ച് പ്രാർഥിക്കുന്ന പരീശനെയും വിനയത്തോടെ തന്റെ കുറവുകൾ ഏറ്റുപറഞ്ഞ് അനുതപിക്കുന്ന ചുങ്കക്കാരനെയും തമ്മിൽ താരതമ്യം ചെയ്ത് കാണിക്കുന്നുണ്ടല്ലോ ക്രിസ്തു. പരീശൻ വെറുംകൈയോടെ തിരിച്ചുപോയി. ചുങ്കക്കാരന് ദൈവത്തിന്റെ കൃപയും സ്നേഹവും ക്ഷമയും ലഭിച്ചു (ലൂക്കോസ് 18:10-14).

“ഉപവസിക്കുക” എന്ന വാക്കിനർഥം അടുത്തു വസിക്കുക, തൊട്ടരുകിൽ താമസിക്കുക, താഴെ ഇരിക്കുക എന്നൊക്കെയാണ്. (ഉപനിഷദ് എന്നതിനും സമാനമായ അർഥമുണ്ട്: ഗുരുവിന്റെ അടുത്ത്, താഴെ പാദത്തിനടുത്തിരുന്ന് ഉപദേശം കേൾക്കുക എന്നാണ് ധ്വനി). ഭക്ഷണം വർജ്ജിച്ചതുകൊണ്ടുമാത്രം ഉപവാസമാകയില്ല, നമുക്ക് ഏകഗുരുവായ യേശുവിന്റെ കാൽപാദങ്ങൾക്കടുത്തിരുന്ന്, ബഥാനിയായിലെ ലാസറിന്റെ സഹോദരി മറിയമിനെപ്പോലെ, നാം ജീവന്റെ വചനം ശ്രദ്ധിച്ചു കേൾക്കണം (ലൂക്കാ 10:39). നമുക്കു തിരിച്ചറിവും സുബോധവും ദിശാബോധവും ലഭിക്കാനുള്ള മാർഗമാണിത്.

ഈ വലിയ നോമ്പുകാലത്ത് നാലു സുവിശേഷങ്ങളിൽ ഏതെങ്കിലും ഒരു സുവിശേഷം ദിവസവും കുറേശ്ശെ തുടർച്ചയായി വായിച്ച് ധ്യാനിച്ചാൽ അത് വലിയ ആത്മീയ ഊർജം നമുക്കു നൽകും. നിലത്തിരിക്കാൻ കഴിവുള്ളവരാണെങ്കിൽ, ഒരു പായ് വിരിച്ച് അതിലിരുന്ന്, ഗുരുവായ നമ്മുടെ കർത്താവിനെ സങ്കൽപിച്ച്, തന്റെ പാദങ്ങളിൽ കുമ്പിട്ട് നമസ്കരിച്ചുകൊണ്ട് വായിച്ചു തുടങ്ങാം. ബൈബിളിന്റെ സാരാംശം യേശുമിശിഹാ നൽകുന്ന ”ജീവന്റെ സുവിശേഷ”മാണ്. മറ്റെല്ലാം വ്യാഖ്യാനങ്ങളാണ്. ഈ ലോകത്തിൽ എല്ലാ മനുഷ്യർക്കും നീതിയും സമാധാനവും സന്തോഷവും കൈവരുത്താനുള്ള വലിയ ശുശ്രൂഷയ്ക്കായി എളിയവരായ നമ്മെ ഈ നോമ്പിൽ ഒരുക്കണമേ എന്നു പ്രാർഥിച്ചു തുടങ്ങാം.

❑

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

252. തോലത്തു ചുമ്മാരുകുട്ടിക്കു. ടിയാനെ ... മറ്റും. ടി തീയതി. ടി സ്ഥലം.

253. കൊച്ചുമെത്രാച്ചനു. കേസുകളുടെ കാര്യത്തെക്കുറിച്ചും മറ്റും.


254. പാലപ്പിള്ളിൽ കത്തനാർക്കു. മല്പാന്റെ മരണത്തെയും അതു നിമിത്തമുള്ള കേസുകളുടെ സ്ഥിതിയെക്കുറിച്ചും.

255. മൂക്കഞ്ചേരിൽ പൈലി മാത്തുവിന്. വടയാടി ശെമ്മാശന്റെ കത്തനാരുപട്ടംകൊടയെയും അയാളെ എല്ലാവരും സ്വീകരിക്കണമെന്നുള്ളതിനെയും കുറിച്ച്. ടി തീയതി.

256. മുള്ളനിക്കാട്ടു പള്ളിക്കാർക്കു. പ്രിയരെ, ആ പള്ളിയുടെ മുതൽപിടിക്കാരനായ വഞ്ചികപ്പാറെ ഫീലിപ്പോസു ചെറിയാൻ മുതലായി ഏതാനും ആളുകൾ കൂടി ഈ മാസം 14-നു എഴുതിയതായ ഒരു ഹർജിയും കുറുങ്ങാട്ടു യോഹന്നാൻ ഫീലിപ്പോസ് മുതലായി ഏതാനും ആളുകൾ കൂടി എഴുതിയതും ഹർജിയിൽ ആണ്ടുമാസം തീയതി വെച്ചിട്ടില്ലെങ്കിലും ഈ മാസം 18-നു നമുക്ക് കിട്ടിയതുമായ ഒരു ഹർജിയും ഇങ്ങനെ രണ്ടു ഹർജികൾ നമുക്കു കിട്ടിയിരിക്കുന്നു. പള്ളിക്കാര്യാദികളുടെ നടത്തിപ്പിൽ കുഴപ്പമുണ്ടാക്കുന്നതു വടുതല ഈശോ കത്തനാരും ഏതാനും ആളുകളും കൂടിയാണെന്നു ഒരു ഹർജിയിലും അതല്ല മുതൽപ്പിടിക്കാരന്റെയും നടുവിലേത്തുകാരുടെയും തന്നിഷ്ടങ്ങൾ മൂലമാണ് കുഴപ്പങ്ങൾ ഉണ്ടായതെന്നു മറ്റൊരു ഹർജിയിലും പരസ്പര വിരുദ്ധമായും കാണുന്നു. രണ്ടു ഹർജികളിലും വിവരിച്ചിരിക്കുന്ന എല്ലാ സംഗതികളെക്കുറിച്ചും ... തീരുമാനം ചെയ്യുന്നതിനു പ്രയാസമാകയാൽ അവയിൽ പ്രധാനപ്പെട്ടതെന്നു നമുക്കഭിപ്രായമുള്ള ... സംബന്ധിച്ചു മാത്രം ഈ കല്പന മൂലം ... നാം തീരുമാനിക്കുന്നു. അവയിൽ ഒന്നു പള്ളിവക വരുമാനങ്ങൾ വല്ലതും കാരണം പറഞ്ഞു മുതൽപ്പിടിയിലും പള്ളിപെട്ടിയിലും ഏല്പിച്ചു സൂക്ഷിക്കാതെ അടിയന്തിരക്കാരുടെ കൈവശമോ മറ്റു വല്ലവരുടെയും കൈവശമോ ഏല്പിക്കാതെ പള്ളിവക വരുമാനങ്ങൾ ഛിന്നഭിന്നമായിപ്പോകുന്നതിനും പുതിയ കുഴപ്പങ്ങൾക്കു കാരണമായി തീരുന്നതിനും ... കയിക്കര തോമ്മായുടെ മകളുടെ കല്യാണത്തിനുള്ള പതാരപണം ഉടൻതന്നെ പള്ളിപ്പെട്ടിയിൽ ഇട്ടു പെട്ടി മുതൽപിടിക്കാരൻ വശം സൂക്ഷിച്ചുകൊണ്ടും പള്ളിവക പണത്തിൽ നിന്നും തൽക്കാലം 25 രൂപായെങ്കിലും മാക്കാംകുന്നിലെ സ്കൂൾ പണിവകയ്ക്ക് കൊടുക്കണമെന്നു യോഗം അഭിപ്രായപ്പെട്ടാറെ ചില മെമ്പർമാരു തടസ്സം പറഞ്ഞു എങ്കിൽ അതു ആരുതന്നെ ആയിരുന്നാലും അതു ന്യായമായിട്ടുള്ളതല്ല. ... 25 രൂപാ ഉടനെതന്നെ സ്കൂൾ പണിവകയ്ക്ക് കൊടുത്തുകൊള്ളണം. ... മുതൽക്കെട്ടുകാരൻ വശം പെട്ടിയിൽ വയ്പിക്കാതെ കല്യാണങ്ങൾക്കു കുറി കൊടുക്കുന്നതു പല കുഴപ്പങ്ങൾക്കും ഇടയാക്കുന്നതാകയാൽ മേലാൽ അങ്ങനെയുള്ളത് പ്രവർത്തിക്കരുതെന്നു നമ്മുടെ വടുതല ഈശോ കത്തനാരോടു തൽക്കാലം നാം നിർബന്ധമായി ഗുണദോഷിക്ക മാത്രം ചെയ്യുന്നു. മേലാൽ പട്ടക്കാരിൽ ആരെങ്കിലും ഈ വിധമുള്ള കുഴപ്പത്തിനിട വരുത്തുന്നതായാൽ അതിനെ സംബന്ധിച്ചു നാം ഗൗരവമായി ആലോചിക്കുന്നതുമായിരിക്കും. പള്ളിപ്പുരയിടത്തിന്റെ പടിഞ്ഞാറേ പുരയിടം പള്ളിക്കു എഴുതി വാങ്ങിക്കണമെന്നും അതു ശെമ്മാശന്റെ പേരു വെച്ചു എഴുതി വാങ്ങണമെന്നും ആരെങ്കിലും ആലോചിക്കുകയോ നിശ്ചയിക്കയോ ചെയ്യുന്നുയെങ്കിൽ അന്യായമായിട്ടുള്ളതല്ല. അങ്ങനെ തന്നെ ടി പുരയിടം എഴുതി വാങ്ങണമെന്നും ആ പള്ളിയിൽ കൂടി നടക്കുന്നവരായ എല്ലാവരുടെയും കൂടെ പേരുവെച്ച് എഴുതി വാങ്ങിക്കണമെന്നു ആരെങ്കിലും ആലോചിക്കയോ നിർബന്ധിക്കയോ ചെയ്യുന്നുവെങ്കിൽ അതും ന്യായമായിട്ടുള്ളതു തന്നെ. ... പടിഞ്ഞാറേ പുരയിടം പള്ളിക്കായി എഴുതി വാങ്ങണമെന്നു അത്യാവശ്യമാണെന്നും പള്ളിക്കാർക്കു അഭിപ്രായമുള്ളപക്ഷം അതു പള്ളിക്കായി പള്ളിമുതൽപ്പിടിക്കാരന്റെ പേരിലും നമ്മുടെ പേരിലും എഴുതിച്ചുകൊള്ളേണ്ടതാണ്. നിങ്ങളുടെ ഹർജികളിൽ പറയുന്ന ... കളെ സംബന്ധിച്ച കാര്യം കൊച്ചുമെത്രാച്ചൻ അവിടെയോ മാക്കാംകുന്നിലോ വരുമ്പോൾ അദ്ദേഹത്തിനോടു ... തീരുമാനം ഉണ്ടാക്കിച്ചുകൊള്ളണം. ... നമ്മുടെ കൊച്ചുമെത്രാച്ചന്റെ അടുക്കലേക്കു ... കേൾക്കുന്നതുമായിരിക്കും. കുഴിക്കാണം മുതലായ പള്ളിവരുമാനവും കുടിശികയായി കിടപ്പു ... അതുകളും കാലതാമസം വരുത്താതെ പിരിച്ചെടുത്തു മുതൽക്കെട്ടിൽ (പള്ളിപെട്ടിയിൽ) സൂക്ഷിച്ചുകൊള്ളണം. സർവ്വശക്തനായ ....

എന്നു 103 തുലാം 29-നു കോട്ടയത്തു സിമ്മനാരി.

257. ... ചാക്കോ ഗീവറുഗീസിന്. പ്രിയനെ, ... നമുക്കു കൈവശം സിദ്ധിച്ചിരിക്കുന്ന വിജയപുരം പകുതിയിൽ ... ഒരു ഏക്കർ 25 സെന്റ് സ്ഥലം ആണ്ടിനാൽ ... രൂപാ വീതം പാട്ടം തരുവാൻ സമ്മതിച്ചു ...



Mar Dionysius, Syrian Metropolitan of Malankara

1927-നു കൊല്ലം 1103 വൃശ്ചികം 1-നു മുതലുള്ള ഡയറി

(1101 മകരം 13-നു മുതലുള്ള ഡയറിയിൽ നിന്നു തുടർച്ച)

1103 വൃശ്ചികം 1 – 1104 വൃശ്ചികം 12

(മുദ്ര)

1927-നു 1103 വൃശ്ചികം 1-നു മുതലുള്ള
ഡയറി മുൻ ബുക്കിൽ നിന്നും തുടർച്ച

1103 വൃശ്ചികം 1-നു ബുധനാഴ്ച ഉച്ചകഴിഞ്ഞ് കോട്ടയത്തു സിമ്മനാരിയിൽ നിന്നു കാറിൽ കുറിച്ചി പള്ളിയിലേക്കു പോയി. പിറ്റേ ദിവസം വ്യാഴാഴ്ച അവിടെ കുർബാന ചൊല്ലുകയും കുർബാനയ്ക്കുശേഷം അവിടത്തെ പള്ളിമേട പൊളിച്ചു പണിയുന്നതിനുള്ള പുതിയ കെട്ടിടത്തിന്റെ അടിസ്ഥാനക്കല്ലു ഇടുകയും ചെയ്തു. വൈകിട്ടു എട്ടു മണിക്കു അവിടെ നിന്നും വള്ളത്തിൽ

പരുമലയ്ക്കു പോന്നു.

103 വൃശ്ചികം 3-നു വെള്ളിയാഴ്ച കാലത്തു 11 മണിക്കു പരുമല സിമ്മനാരിയിൽ എത്തി.

260. കൊച്ചുമാമ്മച്ചനു. എം.ജി.എം. ഹൈസ്കൂൾ സംബന്ധിച്ച ചില സംഗതികൾ കൊച്ചുമാമ്മച്ചനും മാസ്റ്ററന്മാരിൽ ചിലരും ഇവിടെ വന്നിരുന്നപ്പോൾ നമ്മുടെ അഭിപ്രായം സ്പഷ്ടമായി പറഞ്ഞു എന്നും ആ വിധത്തിലല്ലാതെ മറ്റു മാർഗ്ഗമൊന്നും കാണുന്നില്ലെന്നും അതിനെ വാദ്ധ്യാരന്മാരും സമ്മതിച്ചു പറഞ്ഞതാണെന്നും, ഒരു റിവൈസ്ഡ് ലിസ്റ്റ് ഉണ്ടാക്കണമെന്നു പറഞ്ഞിട്ടു ഉണ്ടാക്കിയിട്ടില്ലെന്നാണു നമുക്ക് മനസ്സിലാകുന്നതെന്നും, നമ്മുടെ കീവറീച്ചനെ യാതൊരുവിധത്തിലും സംശയിക്കേണ്ടെന്നും, അവൻ ഒരുവിധം സമ്മതിച്ചു കൊള്ളുമെന്നു നമുക്ക് നിശ്ചയമുണ്ടെന്നും മറ്റും. 103 വൃശ്ചികം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

261. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. വട്ടിപ്പണക്കേസു .... നടത്തിപ്പുകളെ സംബന്ധിച്ചു വിവരമായി അറിയിച്ചുതരണമെന്നു. 103 വൃശ്ചികം 4-നു പരുമല സിമ്മനാരി.

262. നെയിച്ചേരിൽ കുരുവിളക്കുഞ്ഞിനു. കുറിച്ചി പള്ളിമേട പണിയെക്കുറിച്ചുള്ള ചില അഭിപ്രായങ്ങൾ. ടി തീയതി. ടി സ്ഥലം.

263. ചെറുവത്തൂർ മാത്തു ഉതുപ്പിനു. ....

264. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസുകളെക്കുറിച്ചും മറ്റും. 103 വൃശ്ചികം 6-നു പരുമല.

265. തയ്യിൽ കൊച്ചീപ്പച്ചനു. ടി കാര്യം.

266. കെ. സി. മാത്യുവിനു. ഒരു വിധിപ്പകർപ്പു അയച്ചുതരുവാൻ. ടി തീയതി. ടി സ്ഥലം.

267. ജേക്കബ് പോത്തനു. കേസുകളെക്കുറിച്ചു അറിയിച്ചുതരുവാൻ. 103 വൃശ്ചികം 6-നു പരുമല.

268. കല്ലറയ്ക്കൽ കുഞ്ചപ്പനു. സമരിക്കേസിനെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

269. പുത്തൻകാവു പള്ളിക്കാർക്കു. വരുന്ന വ്യാഴാഴ്ച 9-നു അങ്ങോട്ടു വരുന്ന വിവരത്തിനു.

270. പുത്തൻപുരയ്ക്കൽ കൊച്ചുമാത്തച്ചനു. ടി കാര്യം. ടി തീയതി. ടി സ്ഥലം.

271. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. കേസുകളുടെ വർത്തമാനങ്ങൾക്കു. 103 വൃശ്ചികം 6-നു പരുമല.

272. കിളന്നമണ്ണിൽ യാക്കോബു കത്തനാർക്കു. നിങ്ങളുടെ കേസു സംബന്ധമായ അഭിപ്രായം എഴുതി അയയ്ക്കാൻ പ്രയാസമാകകൊണ്ടു വരുന്ന വെള്ളിയാഴ്ചയോ ശനിയാഴ്ചയോ പുത്തൻകാവിൽ നിങ്ങളിൽ ആരെങ്കിലും വന്നാൽ നമ്മുടെ അഭിപ്രായം പറയാം.

273. കുറുന്തോട്ടത്തിൽ ചെറിയാനു. വരുന്ന വെള്ളിയാഴ്ചയോ ശനിയാഴ്ചയോ പുത്തൻകാവിൽ നമ്മുടെ അടുക്കൽ ... ടി തീയതി. ടി സ്ഥലം.

274. കുറുന്തോട്ടത്തിൽ ഫീലിപ്പോസു കത്തനാർക്കു. തന്റെ ഉപ്പാപ്പനു കല്പന അയച്ചിട്ടുണ്ടെന്നും, പുത്തൻകാവിൽ നിങ്ങൾ സ്വരുമിച്ച് വന്നുകൊള്ളണമെന്നും മറ്റും. 103 വൃശ്ചികം 6-നു പരുമല സിമ്മനാരി.

275. പള്ളിപ്പാട്ടു പള്ളിക്കാരിൽ കയ്യവീട്ടിൽ കൊച്ചുമ്മൻ മുതൽപേർക്കു. നിങ്ങളുടെ അപേക്ഷയനുസരിച്ചു പള്ളിക്കാര്യങ്ങളെ സംബന്ധിച്ചു ... നിവൃത്തിയില്ലാത്തതിനാൽ സംഗതികളെ സംബന്ധിച്ചു മനസ്സിലാക്കുന്നതിനു നിങ്ങളിൽ ഏതാനുംപേർ വ്യാഴാഴ്ചയ്ക്കകം ഇവിടെയോ അതു കഴിഞ്ഞ് പുത്തൻകാവിലോ നമ്മുടെയടുക്കൽ വന്നുപോകണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

276. ഐസക്ക് മത്തായിക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

277. പി. സി. ജോൺ കത്തനാർക്കു. കോയമ്പത്തൂർ പള്ളി പണിക്കാര്യത്തിൽ വേണ്ടതുപോലെ ധൈര്യമായി ഉത്സാഹിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

278. കല്ലുവിളയിൽ മത്തായി ശെമ്മാശനു. തന്റെ കാര്യത്തെ സൗകര്യപ്രദമായ സമയത്തു വേണ്ടതുപോലെ ചെയ്തുകൊള്ളാമെന്നും മറ്റും. 103 വൃശ്ചികം 6-നു പരുമല സിമ്മനാരിയിൽ നിന്നും.

279. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും മട്ടയ്ക്കൽ മാത്തുച്ചന്റെ മരണത്തിൽ അനുശോചിച്ചും. ടി തീയതി. ടി സ്ഥലം.

280. കോനാട്ടു അബ്രഹാം ശെമ്മാശനു. മല്പാന്റെ മരണത്തിൽ അനുശോചിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

289. പഴഞ്ഞി പള്ളിക്കാർക്കു. പ്രിയരെ, ആ പള്ളിയുടെ കൈസ്ഥാന കമ്മറ്റിക്കാരിൽ പുലിക്കോട്ടു ചുമ്മാരു മുതലായി 9 പേരുടെ പേരു വച്ചു കഴിഞ്ഞ തുലാ മാസം 21-നു എഴുതിയ ഒരപേക്ഷ നമുക്ക് വന്നിരുന്നതിനെ അടിസ്ഥാനമാക്കി ഒരു കല്പന നിങ്ങൾ പള്ളിക്കാർക്കു ടി തുലാ മാസം 27-നു നാം അയച്ചിരുന്നുവല്ലോ. ടി അപേക്ഷയിലെ വാസ്തവ സംഗതികൾ നമ്മെ അറിയിപ്പാൻവേണ്ടി ഇപ്പോൾ കൈസ്ഥാന ... വരുന്നവരിൽ ... ചേറു കാക്കു ... ക്കുന്നതിനു ഇപ്പോഴും ഇവർ സന്നദ്ധരാണെന്നും എന്നാൽ തങ്ങളുടെ ചുമതലയിലെ കണക്കുകൾ യോഗത്തിന്റെ അലസത നിമിത്തം കേൾപ്പിപ്പാൻ ഇടയായിട്ടില്ലെന്നും യോഗം കൂടി കണക്കു കേൾപ്പാൻ തയ്യാറുള്ളപക്ഷം കണക്കുകൾ തിരട്ടാക്കി യോഗത്തെ കേൾപ്പിക്കാൻ തക്കവണ്ണം തയ്യാറാക്കുന്നതിനായി രണ്ടോ മൂന്നോ മാസത്തെ അവധി കിട്ടിയാൽ മതിയാകുമെന്നും നമ്മുടെ അടുക്കൽ അയച്ചിരുന്ന അപേക്ഷയിൽ കാണുന്ന പേരുകാരിൽ പലരും കൈസ്ഥാന കമ്മറ്റിയിൽ പെട്ടവരല്ലെന്നും ഇതിൽ കാണുന്ന ഒപ്പുകളിൽ ചിലതും അതിലെ പേരുകാരുടേതല്ലെന്നും ഈ അപേക്ഷയെക്കുറിച്ച് അവർക്കു യാതൊരറിവുപോലുമില്ലെന്നും ഈ വിവരം അവരിൽ ചിലർ തന്നെയും പറഞ്ഞറിവുണ്ടെന്നും മറ്റും നമ്മുടെ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നു. അപേക്ഷക്കാരുടെ അപേക്ഷയും ഇവരുടെ വചനങ്ങളും തമ്മിൽ യോജിക്കാത്തതിനാൽ നാം ... ഏതിനെ വിശ്വസിച്ചാണ് പ്രവർത്തിക്കേണ്ടതു എന്നറിയാതാകയും ചെയ്യുന്നു. ഇവയുടെ ... മേൽപറഞ്ഞ അപേക്ഷയിൽ പറഞ്ഞിട്ടുള്ളത് കൂടാതെ ടി കുഞ്ഞൻ നമ്മുടെ പേർക്കു ഒരു സങ്കടം അയച്ചിട്ടുണ്ടു. അതിനെ സംബന്ധിച്ചു യാക്കോബു കത്തനാരോടും, അയാളോടു കൂടി വന്നിരുന്ന കൈക്കാരന്മാരോടും നാം ചോദിച്ചാറെ ഈ സംഗതിയിൽ പട്ടക്കാരെ കുറ്റപ്പെടുത്തുവാനൊന്നുമില്ലെന്നും ടി കുഞ്ഞൻ പള്ളിയിൽ വരണമെന്നു ചീരൻ ഗീവറുഗീസു കത്തനാർ ആവശ്യപ്പെട്ടാറെ ധിക്കാരമായി വരാതെയിരിക്കയാണു ചെയ്തതെന്നും മറ്റും നമ്മുടെ മുമ്പാകെ പറഞ്ഞിരിക്കുന്നു. പട്ടക്കാരെ ടി കുഞ്ഞൻ അപമാനിച്ചു എന്നു അവിടെയൊരു ... അതിനെക്കുറിച്ചു ചോദിച്ചാറെ ... അവസാനം പറഞ്ഞ ആ സംഗതികളെക്കുറിച്ചു നമ്മുടെ മുമ്പിലത്തെ കല്പനയിൽ നാം യാതൊന്നും പ്രസ്താവിക്കാത്തതു പട്ടക്കാരുടെ സമാധാനം കേട്ടതിന്റെ ശേഷം പറഞ്ഞുകൊള്ളാമെന്നു കരുതിയത്രെ. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. സർവ്വശക്തനായ ....

എന്നു 1927-നു കൊല്ലം 103 വൃശ്ചികം 8-നു പരുമല സിമ്മനാരിയിൽ നിന്നും.

290. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും ...

103 വൃശ്ചികം 11-നു വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് പരുമല നിന്നും വള്ളത്തിൽ വൈകിട്ടു പുത്തൻകാവു പള്ളിയിൽ എത്തി.

298. ... അപേക്ഷിച്ചിട്ടുണ്ട്. അവർക്കു ആ (ഓതറ) പള്ളിയിൽ ഇടവക ചേരുന്നതു സൗകര്യമാകയാൽ മേലാൽ ഇന്നു മുതൽ ടി സ്ത്രീയേയും അവരുടെ മക്കളെയും ഓതറ പള്ളിയിടവകക്കാരായി ഗണിച്ചു അവർക്കുള്ള സകല ആത്മീയാവശ്യങ്ങളും ആ ഇടവകക്കാർ എന്ന നിലയിൽ നടത്തിക്കൊടുത്തുകൊള്ളണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. എന്നു 103 വൃശ്ചികം 12-നു പുത്തൻകാവു പള്ളിയിൽ നിന്നും.

103 വൃശ്ചികം 13-നു തിങ്കളാഴ്ച നാലു മണിക്ക് പുത്തൻകാവു പള്ളിയിൽ നിന്നും കാറിൽ ചെങ്ങന്നൂർ പള്ളിയിലെത്തി.

299. പള്ളിപ്പാട്ടു പള്ളിക്കാർക്കു. അവിടത്തെ മുതൽക്കെട്ടിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ കേട്ടു തീരുമാനിക്കുന്നതിനു പള്ളിയോഗക്കാരിൽ ഏതാനും ആളുകൾ അടുത്ത വെള്ളിയാഴ്ച 17-നു പരുമല വരണമെന്നു. 103 വൃശ്ചികം 14-നു ചെങ്ങന്നൂർ പള്ളിയിൽ നിന്നും.

300. കയ്യവീട്ടിൽ കൊച്ചുമ്മൻ പേർക്കു. ടി കാര്യങ്ങൾ. ടി തീയതി. ടി സ്ഥലം.

304. മട്ടയ്ക്കൽ മല്പാനു. സമരിക്കേസിന്റെ ... 103 വൃശ്ചികം 16-നു ചെങ്ങന്നൂർ പള്ളിയിൽ നിന്നും.

305. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. വട്ടിപ്പണക്കേസിന്റെ വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

306. പി. പി. തൊമ്മൻ മാസ്റ്റർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

307. ഉളനാട്ടു പള്ളി മുതൽപിടി മണ്ണിൽ ഗീവറുഗീസ് ചാക്കോയ്ക്കു ദൈവത്തിൽ നിന്നു കൃപയും വാഴ്‌വും സദാ വർദ്ധിച്ചിരിക്കട്ടെ. പ്രിയനെ, ആ പള്ളി വകക്കായി ആ പള്ളി വകയിൽ നിന്നും തുമ്പമൺ മദ്ധ്യതിരുവിതാംകൂർ വ്യവസായ ബാങ്ക് ക്ലിപ്തം വകയായി നടത്തിവരുന്ന ചിട്ടിയിൽ ബി ക്ലാസ്സിൽ ഒരു നമ്പരു ആ പള്ളിയുടെ മുതൽപിടിക്കാരനായ തന്റെ പേരിൽ ചേർന്നു നടത്തിവരുന്നതു ആ പള്ളിയുടെ പണിക്കുപയോഗിക്കണമെന്നുള്ള യോഗനിശ്ചയത്തിന്മേൽ കഴിഞ്ഞ തുലാ മാസത്തിൽ ലേലം കേട്ടിരിക്കുന്നതിന്റെ പണം താൻ ബാങ്കിലേക്ക് ഇട്ടു കൊടുത്തു വാങ്ങി ഇപ്പോൾതന്നെ പള്ളിപണി വകയ്ക്കുപയോഗിക്കത്തക്കവണ്ണവും ടി ചിട്ടിയുടെ അവസാനം വരെ പള്ളി മുതൽക്കെട്ടിൽ നിന്നും ചിട്ടിക്കു പണം അടച്ചുകൊള്ളുവാൻ തക്കവണ്ണവും ചിട്ടി അവസാനിക്കുന്നതുവരെ പള്ളിയുടെ മുതൽച്ചുമതല താൻ തന്നെ വഹിക്കത്തക്കവണ്ണവും തന്നെ അധികാരപ്പെടുത്തി തനിക്കു നാം ഒരു കല്പന തരണമെന്നു ഈ മാസം 16-നു ആ പള്ളിക്കാർ വികാരി മുതലായവർ മുഖാന്തിരം നമ്മുടെ മുമ്പാകെ സമർപ്പിച്ച യോഗാപേക്ഷയനുസരിച്ച് ഒരു കല്പന തനിക്കു നാം അയയ്ക്കുന്നതാണ്. മേൽ വിവരിച്ചപ്രകാരമുള്ള യോഗത്തിന്റെ അപേക്ഷപ്രകാരം ടി ചിട്ടിപ്പണം വാങ്ങി പള്ളിപണിക്കുപയോഗിക്കുന്നതിനും പള്ളിവക പണത്തിൽ നിന്നും ചിട്ടിക്കു അതാതു സമയം പണം അടച്ചുകൊള്ളുന്നതിനും മറ്റും ഈ കല്പന മൂലം തന്നെ നാം അധികാരപ്പെടുത്തിയിരിക്കുന്നതിനാൽ ഇതനുസരിച്ചു നടന്നും നടത്തിച്ചുംകൊള്ളണം. പള്ളിക്കാർ നമ്മുടെ മുമ്പാകെ ഇന്നേ ദിവസം സമർപ്പിച്ചിരിക്കുന്ന അപേക്ഷ തന്റെ കൈവശം നാം ഏല്പിച്ചിരിക്കുന്നു. ഈ കല്പനയോടു കൂടെ അതിനെ സൂക്ഷിച്ചുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. സർവ്വശക്തനായ ...

എന്നു 103 വൃശ്ചികം 16-നു ചെങ്ങന്നൂർ പള്ളിയിൽ നിന്നും.

308. ... മദ്ധ്യതിരുവിതാംകൂർ വ്യവസായ ബാങ്ക് ക്ലിപ്തം മാനേജർ മലയിൽപറമ്പിൽ യാക്കോബ് കൊച്ചുമ്മനു.

പ്രിയനെ, ആ ബാങ്കു വകയായി നടത്തിവരുന്ന ചിട്ടിയിൽ നമ്മുടെ ഉളകാട്ടു പള്ളിവകയ്ക്കായി ബി ക്ലാസ്സിൽ ഒരു ... ചിട്ടി ടി പള്ളി വകയിൽ നിന്നും പള്ളി മുതൽപ്പിടിക്കാരന്റെ പേരിൽ നടത്തിവരുന്നതു കഴിഞ്ഞ ഇടവമാസത്തിൽ ലേലംവിളി കേട്ടിരിക്കയാണല്ലോ. ആ ചിട്ടിപ്പണം വാങ്ങുന്നതിനു ടി മുതൽപിടിക്കാരൻ അധികാരപ്പെട്ട ആളാണെന്നു നമ്മുടെ ഒരു കല്പന കിട്ടിയതിന്റെ ശേഷമേ പണം ടി മുതൽപിടിക്കാരൻ വശം കൊടുക്കുകയുള്ളുവെന്നു പറഞ്ഞതായി പള്ളിക്കാർ ഇവിടെ ബോധിപ്പിച്ചിരിക്കയാൽ ഈ കല്പന തന്റെ പേർക്കു നാം അയയ്ക്കുന്നതാണ്. ടി ചിട്ടി ലേലം വിളി കേട്ടതും ഇപ്പോൾ പണം വാങ്ങുവാൻ മുതൽപിടിക്കാരൻ ആവശ്യപ്പെടുന്നതും ടി പള്ളിക്കാരുടെ സമ്മതത്തോടും ആലോചനയോടും കൂടിയാകയാൽ അവരുടെ അപേക്ഷയനുസരിച്ചു മുതൽപിടിക്കാരനെ ഇതിലേക്കു നാം അധികാരപ്പെടുത്തി കല്പന കൊടുത്തിട്ടുള്ളതാണ്. ഈ പണത്തിനു പള്ളിയും പള്ളിക്കാരും ബാധ്യതപ്പെട്ടിരിക്കുന്നതാകകൊണ്ടു മുതൽപിടിക്കാരനായ മണ്ണിൽ ഗീവറുഗീസ് ചാക്കോയോടു ഈ പ്രമാണം വാങ്ങി പണം ടി മുതൽപിടിക്കാരൻ വശം കൊടുത്തുകൊള്ളുമെന്നു നാം വിശ്വസിക്കുന്നു. ശേഷമൊക്കെയും മുതൽപിടിക്കാരൻ പറയുന്നതാകയാൽ ഇനി വിസ്തരിക്കുന്നില്ല. സർവ്വശക്തനായ ...

എന്നു 103 വൃശ്ചികം 16-നു ചെങ്ങന്നൂർ പള്ളിയിൽ നിന്നും.

316. എം. ജി. മാത്യു വക്കീലിനു. കല്ലിശ്ശേരിക്കാരന്റെ ചിട്ടിപ്പണത്തെപ്പറ്റി ഇളവുചെയ്കയും, ജാമ്യം കൊടുക്കുകയും ചെയ്യുന്നതു നന്നാണെന്നും മറ്റും. 103 വൃശ്ചികം 18-നു പരുമല സിമ്മനാരി.

317. ഇ. ജെ. ഫീലിപ്പോച്ചനു. കേസിനെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

318. പടുവയിൽ ഇട്ടി മൂപ്പച്ചനു. ചെങ്ങന്നൂർ പള്ളിക്കു ഒറ്റി എഴുതിയിരിക്കുന്ന ഒരു നിലം വീണ്ടും നിങ്ങളുടെപേർക്കു ഒറ്റി എഴുതിക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

103 വൃശ്ചികം 18-നു ശനിയാഴ്ച വൈകിട്ടു പരുമല നിന്നും വള്ളത്തിൽ തിരിച്ചു ഞായറാഴ്ച രാവിലെ നിരണത്തു പള്ളിയിൽ കയറി അവിടെ വി. കുർബ്ബാന ചൊല്ലി. ... വള്ളത്തിൽ കയറി കോട്ടയത്തിനു പുറപ്പെട്ടു. വഴിക്കു ഇലഞ്ഞിക്കൽ പള്ളിയിൽ കയറി നമസ്കരിച്ചു കോട്ടയത്തിനു പോരികയും ചെയ്തു. 20-നു തിങ്കളാഴ്ച അതിരാവിലെ കോട്ടയത്തു സിമ്മനാരിയിൽ എത്തി.

320. നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കൊച്ചുപുരയ്ക്കൽ ചാക്കോ ചാക്കോയ്ക്കു വാഴ്‌വ്.

പ്രിയനെ, കൊല്ലം ജില്ലാക്കോടതിയിൽ 1090-ൽ അസ്സൽ 81-ാം നമ്പരു വിധിപ്രകാരം വാദിയായ നമുക്കു തരേണ്ടതായ സംഖ്യയിൽ ഇളവു ചെയ്തതു നീക്കി ഇന്നേ ദിവസം രസീതുപടി തന്നോടു പറ്റിയിട്ടുള്ള ബ്രിട്ടീഷ് രൂപാ 2200 ഉം നമ്മെ ഏല്പിച്ചതിൽ വച്ചു ഭാവിയിൽ ഇതു സംബന്ധമായി തനിക്കു വല്ല നഷ്ടത്തിനും ഇടവരുന്നതായാൽ തന്നോടു പറ്റിയിട്ടുള്ള ബ്രിട്ടീഷ് രൂപാ രണ്ടായിരത്തി ഇരുനൂറുക്കും, അതിനുള്ളതും മുതൽ മേലാലുള്ളതും ... നാം സ്വന്തനിലയിൽ ... ഇതിനാൽ സമ്മതിച്ചുമിരിക്കുന്നു. സർവ്വശക്തനായ ...

എന്നു 103 വൃശ്ചികം 20-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

321. ... മജിസ്ട്രേറ്റിനു ബോധിപ്പിക്കുന്ന ഹർജി.

മേൽ നമ്പരു വിധിപ്രകാരം വാദിക്കു പ്രതിയിൽ നിന്നു വരേണ്ട സംഖ്യ പ്രതി ചാക്കോ ചാക്കോയോടു പറ്റി ബോദ്ധ്യപ്പെട്ടു വിധി ഏർപ്പാടു തീർന്നിരിക്കുന്നതിനാൽ ടി വിധിയിൽ നിന്നും കുറവു ചെയ്യുന്നതിനും പ്രതിയെ വാറണ്ടിൽ നിന്നും വിട്ടയയ്ക്കുന്നതിനും അനുവദിച്ചു ഉത്തരവു കൊടുക്കണമെന്നപേക്ഷിക്കുന്നു. 103 വൃശ്ചികം 21-നു.

വാദി - മാർ ഗീവറുഗീസ് ദീവന്നാസ്യോസ് (ഒപ്പ്)

327. ബഥനി മെത്രാച്ചനു. വർത്തമാനങ്ങൾക്കും ബഥനിയിൽ യാക്കോബച്ചനെ റമ്പാനാക്കുന്നതിനെ സംബന്ധിച്ചും. 103 വൃശ്ചികം 24-നു പരുമല സിമ്മനാരി.

328. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

(തുടരും)

ലാവണ്യദർശനം

നോമ്പേറ്റതിനാൽ പൈതങ്ങൾ ചൂളത്തീയില്ലാതാക്കി!

ഡെറിൻ രാജു

നോമ്പേറ്റതിനാൽ പൈതങ്ങൾ ചൂളത്തീയില്ലാതാക്കി!

വലിയനോമ്പിൽ ബുധനാഴ്ചകളിൽ സന്ധ്യയ്ക്ക് പാടുന്നതാണ്.

ദാനിയേലിന്റെ പുസ്തകത്തിൽ കാണുന്ന ബാബിലോണിലെ ആ എബ്രായ ബാലകരുടെ കഥയാണ്. കൈകാലുകൾ ബന്ധിക്കപ്പെട്ട് ചൂളയ്ക്കുള്ളിലേക്ക് എറിയപ്പെട്ടവർ വെന്തുപോകാതിരുന്നു എന്ന കഥ! ചൂളയ്ക്കുള്ളിൽ വെന്തുപോകാത്ത അനുഭവത്തിനു കാരണം ചൂളയ്ക്കുള്ളിൽ പനിനീർ വർഷിക്കപ്പെട്ടതുകൊണ്ടാണെന്നു കവികൾ എഴുതി. നമ്മുടെ ജീവിതവും ഈ നിലയിൽ നിലനിൽക്കുന്നത് ആരൊക്കെയോ പകർന്ന ഒരു തണുപ്പിന്റെ തണലിലല്ലെ?

നമ്മുടെ നോമ്പ് ചൂട് കൊടുത്തുന്നതാകട്ട്! ഘർഷണം ചൂടു ഉണ്ടാക്കുന്നതാണ്. ഘർഷണം ഒഴിവാക്കുമ്പോൾ, സ്പർദ്ധയും വിദ്വേഷവും ഇല്ലാതാകുമ്പോൾ, പരസ്പരം മനസിലാക്കുമ്പോൾ അവിടെ ചൂട് കുറയും. പനിമഞ്ഞ് പെയ്യുന്ന അനുഭവമുണ്ടാകും. ആത്യന്തികമായി നമ്മുടെ നോമ്പനുഭവങ്ങളുടെ ആകത്തുകയും അപരനെ കരുതുകയെന്നതാണ്. അതാണ് ഏറ്റവും യോഗ്യമായ ഉപവാസമെന്നു ഏശായ പാടി പറഞ്ഞിട്ടുണ്ടല്ലോ! അത് ഒരു ഓർമ്മപ്പെടുത്തലാണ്.

വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ച ജീൻവാൽജീനോട് വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങളി'ലെ ബിഷപ്പ് കാണിക്കുന്ന ഒരു കരുതലില്ലെ? അപരത്വം ഇല്ലാതെയാക്കുന്ന ഒരു അനുകമ്പ. അവന്റെ പരിദേവനങ്ങൾ എന്റെ പ്രയാസങ്ങൾ ആകുന്ന ഒരു ചിന്ത. അതല്ലെ നോമ്പിന്റെ സൗന്ദര്യവും!

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



സിപ്പോറ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



യിസ്രായേലിന്റെ പ്രവാചകനും നേതാവുമായ മോശയുടെ പത്നി ആയിരുന്നിട്ടും മുഖ്യധാരയിലേക്ക് കടന്നുവരാതെ നിശബ്ദ സാന്നിധ്യമായി വർത്തിക്കുന്ന വനിതയാണ് സിപ്പോറ. മിദ്യാനിലെ പുരോഹിതനായ യിത്രോയുടെ (റെഗുവേൽ എന്നും അറിയപ്പെടുന്നു) മകളായിരുന്നു സിപ്പോറ (പുറപ്പാട് 2:16–22). മിദ്യാന്യർ അബ്രഹാമിന്റെ ഭാര്യ കെതൂറയിലൂടെയുള്ള പിൻഗാമികളായിരുന്നു (ഉല്പത്തി 25:1–2). അതായത് സിപ്പോറ ഇസ്രായേലിന്റെ ദൈവത്തെക്കുറിച്ച് അറിവുള്ള ഒരു ജനതയിൽ നിന്നുള്ളയാളായിരുന്നു, എന്നിരുന്നാലും അവർ ഇസ്രായേല്യ ഉടമ്പടിയുടെ ഭാഗമല്ലായിരുന്നു. ഒരു മിദ്യാന്യകാരി എന്ന നിലയിൽ, സിപ്പോറയ്ക്ക് എബ്രായരിൽ നിന്ന് വ്യത്യസ്തമായ ആചാരങ്ങളും പാരമ്പര്യങ്ങളും ഉണ്ടായിരുന്നിരിക്കാം, മോശയുമായുള്ള അവളുടെ വിവാഹത്തിലെ ചില സംഘർഷങ്ങൾക്ക് ഇത് ഒരു പങ്കു വഹിച്ചു.

ഒരു ഈജിപ്ഷ്യനെ കൊന്നതിന് ശേഷം ഈജിപ്തിൽ നിന്ന് പലായനം ചെയ്തപ്പോഴാണ് സിപ്പോറ മോശയെ കണ്ടുമുട്ടിയത്. ചില ഇടയന്മാർ അവരെ ഓടിക്കാൻ ശ്രമിച്ചപ്പോൾ അവളും അവളുടെ സഹോദരിമാരും ഒരു കിണറ്റിൽ നിന്ന് വെള്ളം കോരുകയായിരുന്നു. മോശ ഇടപെട്ട് അവരെ സംരക്ഷിക്കുകയും അവരുടെ ആട്ടിൻകൂട്ടത്തിന് വെള്ളം കൊടുക്കാൻ സഹായിക്കുകയും ചെയ്തു. അവളുടെ പിതാവായ യിത്രോ മോശയെ തന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്യുകയും പിന്നീട് സിപ്പോറയെ വിവാഹം കഴിക്കുകയും ചെയ്തു.

1. പിന്തുണയ്ക്കുന്നവളും കടമയുള്ളവളുമായ ഭാര്യ

മോശയുടെ ഭാര്യയെന്ന നിലയിൽ സിപ്പോറ നിർണായക പങ്ക് വഹിച്ചു. മോശയെ വിവാഹം കഴിച്ചതിനുശേഷം, അവന്റെ ജീവിതത്തിലെ ഒരു പരിവർത്തന ഘട്ടത്തിൽ അവൾ അവന്റെ പങ്കാളിയായി. മോശ അപ്പോഴും തന്റെ വ്യക്തിത്വവും ലക്ഷ്യവും കണ്ടെത്തുകയായിരുന്നു, ഈ വെല്ലുവിളികളുടെ കാലഘട്ടത്തിൽ സിപ്പോറ അവനെ പിന്തുണച്ചു.

കത്തുന്ന മുൾപ്പടർപ്പിൽ ദൈവം മോശയെ വിളിച്ചപ്പോൾ (പുറപ്പാട് 3), ഈജിപ്തിലേക്ക് മടങ്ങാൻ തയ്യാറെടുക്കുമ്പോൾ സിപ്പോറ അവനോടൊപ്പം നിന്നു. ആദ്യം അവന്റെ ദൗത്യം അവൾക്ക് പൂർണ്ണമായി മനസ്സിലായില്ലായിരിക്കാം, പക്ഷേ അവൾ യാത്രയിൽ അവനോടും അവരുടെ കുട്ടികളോടും ഒപ്പം പോയി, അവന്റെ ഭാര്യയെന്ന നിലയിൽ തന്റെ പ്രതിബദ്ധതയും വിശ്വസ്തതയും കാണിച്ചു.

2. ശക്തിയും ധൈര്യവുമുള്ള വനിത

സിപ്പോറയുടെ ഏറ്റവും നിർണായകമായ സ്വഭാവങ്ങളിലൊന്ന് അവളുടെ ശക്തിയും ധൈര്യവുമാണ്. പുറപ്പാട് 4:24–26–ലെ നിഗൂഢവും നാടകീയവുമായ ഭാഗത്ത് ഇത് ഏറ്റവും വ്യക്തമാണ്, അവിടെ യഹോവ മോശയെ കൊല്ലാൻ ശ്രമിച്ചു. എന്തുകൊണ്ടെന്ന് വാചകം വിശദീകരിക്കുന്നില്ല, പക്ഷേ ദൈവവും അബ്രഹാമും തമ്മിലുള്ള ഉടമ്പടി ലംഘിച്ചുകൊണ്ട് മോശ തന്റെ മകനെ പരിച്ഛേദന ചെയ്യുന്നതിൽ പരാജയപ്പെട്ടതിനാലാണ് അങ്ങനെ സംഭവിച്ചതെന്ന് നമുക്ക് കരുതാം.

പ്രതിസന്ധിയുടെ ഈ നിമിഷത്തിൽ, സിപ്പോറ ഉടനടി നടപടിയെടുത്തു. അവൾ തന്നെ അവരുടെ മകനെ പരിച്ഛേദന ചെയ്ത് നീ എനിക്ക് രക്ത മണവാളൻ എന്നു പറഞ്ഞു. ‘അവളുടെ പെട്ടെന്നുള്ള ചിന്തയും നിർണായക നടപടിയും മോശയുടെ ജീവൻ രക്ഷിച്ചു. വേദനാജനകവും ഗൗരവമേറിയതുമായ ഒരു കാര്യമാണെങ്കിലും മോശയുടെ ജീവൻ രക്ഷിക്കാൻ അവൾ ഉടനടി നിർണായകമായ നടപടി സ്വീകരിച്ചു. ദൈവത്തിന്റെ ഉടമ്പടിയിൽ പരിച്ഛേദനയുടെ പ്രാധാന്യം അവൾ തിരിച്ചറിഞ്ഞ് അതനുസരിച്ച് പ്രവർത്തിച്ചു. ആവശ്യമുള്ളപ്പോൾ ഒരു മതപരമായ ആചാരം സ്വയം കൈകാര്യം ചെയ്യാൻ അവൾ മടിച്ചില്ല. ഒരു പ്രതിസന്ധിയിൽ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള അവളുടെ കഴിവ് പ്രകടിപ്പിച്ചു. ദിവ്യകല്പനകളെക്കുറിച്ചുള്ള അവളുടെ ആഴത്തിലുള്ള ഗ്രാഹ്യവും അപരിചിതമായ ഒരു മത സാഹചര്യത്തിൽ പോലും സമ്മർദ്ദത്തിൽ പ്രവർത്തിക്കാനുള്ള അവളുടെ കഴിവും ഈ പ്രവൃത്തി പ്രകടമാക്കുന്നു. ദൈവത്തിന്റെ കൽപ്പനകളോട് അവൾക്ക് ആഴമായ ബഹുമാനം ഉണ്ടായിരുന്നുവെന്ന് സിപ്പോറയുടെ പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നു. തുടക്കത്തിൽ അവൾക്ക് അവ പൂർണ്ണമായി മനസ്സിലായിട്ടില്ലായിരിക്കാം.

മോശയെ വിവാഹം കഴിക്കുക എളുപ്പമായിരുന്നില്ല. ഇസ്രായേല്യരെ ഈജിപ്തിൽ നിന്ന് പുറത്തുകൊണ്ടുവരാനുള്ള ഒരു മഹത്തായ ദൗത്യത്തിനായി ദൈവം തിരഞ്ഞെടുത്ത ഒരു മനുഷ്യനായിരുന്നു മോശ. ഈ ദൗത്യം കാര്യമായ വെല്ലുവിളികൾ, അപകടങ്ങൾ, ആത്മീയ യുദ്ധങ്ങൾ എന്നിവയുമായി നേരിടേണ്ടി വന്നു. മോശയിൽ നിന്ന് വളരെക്കാലം വേർപിരിയലും ഒരു വിവാദ നേതാവുമായി ബന്ധപ്പെട്ടതിന്റെ ബുദ്ധിമുട്ടുകളും സിപ്പോറയ്ക്ക് സഹിക്കേണ്ടി വന്നു.

ഈ കഷ്ടപ്പാടുകൾ സഹിക്കാനുള്ള അവളുടെ കഴിവ് അവളുടെ സഹിഷ്ണുതയെ പ്രകടമാക്കുന്നു. മോശയുടെ ദൈവിക വിളിയുടെ സങ്കീർണ്ണതകളെ മറികടക്കുന്നതിനിടയിൽ, ഒരു ഭാര്യയും അമ്മയും എന്ന നിലയിലുള്ള ഉത്തരവാദിത്തങ്ങൾ അവൾ സന്തുലിതമാക്കേണ്ടിവന്നു. ബുദ്ധിമുട്ടുകൾക്കിടയിലും, അവൾ അവന്റെ ജീവിതത്തിലെ ഒരു പ്രധാന വ്യക്തിയായി തുടർന്നു.

3. ഒരു സംരക്ഷകയും സമർപ്പിതയുമായ അമ്മ

ഒരു അമ്മ എന്ന നിലയിൽ സിപ്പോറയുടെ പങ്കിനെക്കുറിച്ച് ബൈബിൾ വിശദമായ വിവരങ്ങൾ നൽകുന്നില്ലെങ്കിലും, അവൾ മോശയ്ക്ക് ഗേർഷോം, എലീയേസർ എന്നീ രണ്ട് പുത്രന്മാരെ പ്രസവിച്ചു. (പുറപ്പാട് 18:2–4). ദൈവം തിരഞ്ഞെടുത്ത നേതാവെന്ന നിലയിൽ മോശയുടെ നിർണായക പങ്ക് കണക്കിലെടുത്ത്, അവരുടെ കുട്ടികളെ വളർത്തുന്നതിന്റെ ഉത്തരവാദിത്തത്തിന്റെ ഭൂരിഭാഗവും സിപ്പോറ ഏറ്റെടുത്തിരിക്കാം.

എപ്പോഴോ, സിപ്പോറയെയും അവളുടെ പുത്രന്മാരെയും മിദ്യാനിലെ അവളുടെ പിതാവിന്റെ വീട്ടിലേക്ക് തിരിച്ചയച്ചു, ഒരുപക്ഷേ അവരുടെ സുരക്ഷയ്ക്കായിട്ടായിരിക്കാം (പുറപ്പാട് 18:2). പിന്നീട്, യിത്രോ അവളെയും മക്കളെയും മോശയെ കാണാൻ കൊണ്ടുവന്നപ്പോൾ അവൾ അവനുമായി വീണ്ടും ഒന്നിച്ചു. ഈ വേർപിരിയൽ സൂചിപ്പിക്കുന്നത് സിപ്പോറ തന്റെ കുട്ടികളെ സംരക്ഷിക്കുകയും മോശ തന്റെ ദിവ്യ ദൗത്യം നിറവേറ്റുമ്പോൾ അവരെ പരിപാലിക്കുകയും ചെയ്തു എന്നാണ്.

4. സംസ്കാരങ്ങൾക്കിടയിലെ മധ്യസ്ഥയായി സിപ്പോറ

ഒരു എബ്രായ നേതാവിനെ വിവാഹം കഴിച്ച മിദ്യാന്യയായ സിപ്പോറ രണ്ട് സംസ്കാരങ്ങളുടെ ഒരു വഴിത്തിരിവിൽ എത്തി. ജനനംകൊണ്ട് അവൾ ഇസ്രായേൽ ജനതയുടെ ഭാഗമല്ലായിരുന്നെങ്കിലും, മോശയുമായുള്ള അവളുടെ വിവാഹം അവളെ അവരുടെ സംസ്ക്കാരവുമായി ബന്ധിപ്പിച്ചു. എന്നിരുന്നാലും, ഇത് പല സംഘർഷങ്ങൾക്കും കാരണമായി. സംഖ്യാ പുസ്തകം 12:1–ൽ, ഒരു ‘കൂശ്യ സ്ത്രീയെ’ വിവാഹം കഴിച്ചതിന് മിര്യാമും അഹറോനും മോശയെ വിമർശിച്ചു. എന്നത് ഇതിന് തെളിവാണ്. എന്തായാലും, അവൾ തന്റെ ഉത്തരവാദിത്തത്തിൽ ഉറച്ചുനിന്നു, എതിർപ്പ് തന്നെ കീഴ്പ്പെടുത്താൻ അനുവദിച്ചില്ല.

കൂടാതെ, മോശെ ഇസ്രായേല്യരെ മരുഭൂമിയിലൂടെ നയിച്ചപ്പോൾ, സിപ്പോറയെയും അവളുടെ പുത്രന്മാരെയും കുറച്ചു കാലത്തേക്ക് യിത്രോയുടെ അടുക്കലേക്ക് തിരിച്ചയച്ചു (പുറപ്പാട് 18:2–6). പിന്നീട്, യിത്രോ അവരെ മോശയുടെ അടുക്കലേക്ക് തിരികെ കൊണ്ടുവന്നു, അവൾ തന്റെ മിദ്യാന്യ കുടുംബവുമായി ഒരു ബന്ധം നിലനിർത്തിയെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

5. സിപ്പോറയുടെ വിചിത്രവും പരിമിതവുമായ പങ്ക്

ബൈബിളിലെ മറ്റു പല സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി, പരിച്ഛേദനയുടെ ഭാഗത്ത് ഒഴികെ അവൾക്ക് നീണ്ട സംഭാഷണങ്ങളോ നാടകീയമായ വ്യക്തിഗത കഥകളോ ഇല്ല. ഇത് അവളെ ഒരുവിധം നിഗൂഢമായ ഒരു വ്യക്തിയാക്കുന്നു. എന്നിരുന്നാലും, അവളുടെ പരിമിതമായ സാന്നിധ്യം അവളുടെ പ്രാധാന്യം കുറയ്ക്കുന്നില്ല. ബൈബിൾ ചരിത്രത്തിലെ ഏറ്റവും വലിയ നേതാക്കളിൽ ഒരാളുടെ ഭാര്യയായിരുന്നു അവൾ, അദ്ദേഹത്തിന്റെ അതിജീവനം ഉറപ്പാക്കുന്നതിൽ ഒരു പങ്കുവഹിച്ചു. അവ അവളുടെ യഥാർത്ഥ സാംസ്കാരിക വളർത്തലിന്റെ ഭാഗമല്ലെങ്കിൽ പോലും പുറപ്പാട് നാലാം അദ്ധ്യായത്തിലെ അവളുടെ പ്രവർത്തനങ്ങൾ ദിവ്യ കല്പനകളുടെ മൂല്യം മനസ്സിലാക്കിയ ഒരു സ്ത്രീയായി അവളെ വെളിപ്പെടുത്തുന്നു.

കൂടാതെ, മോശയുടെ ജീവിതത്തിലെ സിപ്പോറയുടെ സാന്നിധ്യം ഒരു അടിസ്ഥാന ബൈബിൾ പ്രമേയത്തെ എടുത്തുകാണിക്കുന്നു. ദൈവം പലപ്പോഴും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളെ തന്റെ പദ്ധതികൾ നിറവേറ്റാൻ ഉപയോഗിക്കുന്നു. അവൾ ഒരു ഇസ്രായേല്യയല്ലെങ്കിലും, മോശയെ അവന്റെ ദിവ്യ ദൗത്യത്തിനായി ഒരുക്കുന്നതിൽ അവൾ നിർണായക പങ്ക് വഹിച്ചു. മോശയെപ്പോലെ പ്രധാനപ്പെട്ട ഒരു പങ്ക് അവൾക്കില്ലെങ്കിലും, അവന്റെ ജീവിതത്തിലെ നിർണായക നിമിഷങ്ങളിൽ അവളുടെ സാന്നിധ്യം നിർണായകമാണ്.

അവളുടെ ഏറ്റവും പ്രധാനപ്പെട്ട നിമിഷം – മോശയെ രക്ഷിക്കാൻ തന്റെ മകനെ പരിച്ഛേദന ചെയ്തത് – അവളുടെ പെട്ടെന്നുള്ള പ്രവർത്തനവും ആത്മീയ ഉൾക്കാഴ്ചയും പ്രകടമാക്കുന്നു. ബൈബിൾ വിവരണത്തിൽ അവൾ ഒരു കേന്ദ്ര വ്യക്തിയല്ലെങ്കിലും, അവളുടെ സാന്നിധ്യം മോശയുടെ വ്യക്തി ജീവിതത്തെയും ദൗത്യത്തെയും രൂപപ്പെടുത്തി. പ്രത്യേകിച്ച് തന്റെ മകനെ പരിച്ഛേദന ചെയ്തതിലെ അവളുടെ പ്രവൃത്തികൾ, ദൈവത്തിന്റെ ഉടമ്പടിയിൽ ജനിച്ചിട്ടില്ലെങ്കിലും അതിന്റെ പ്രാധാന്യം അവൾ മനസ്സിലാക്കിയിരുന്നുവെന്ന് കാണിക്കുന്നു. വിശ്വാസം, അനുസരണം, സാംസ്കാരിക സംയോജനം എന്നിവയുടെ പ്രമേയങ്ങളെ അവളുടെ കഥ എടുത്തുകാണിക്കുന്നു, ഇത് അവളെ ബൈബിൾ ചരിത്രത്തിലെ അനിവാര്യവും എന്നാൽ നിഗൂഢവുമായ ഒരു വ്യക്തിയാക്കുന്നു. ബൈബിൾ ചരിത്രത്തിലെ സാംസ്കാരിക ബന്ധങ്ങളുടെ സങ്കീർണ്ണതയും ദൈവിക ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിൽ സ്ത്രീകളുടെ പങ്കിനെയും അവളുടെ കഥ എടുത്തുകാണിക്കുന്നു.

ബൈബിളിൽ അവളെപ്പറ്റി പ്രതിപാദിക്കുന്നത് ഹ്രസ്വമാണെങ്കിലും, മോശയുടെ ജീവിതത്തിൽ സിപ്പോറ ചെലുത്തിയ സ്വാധീനം ആഴമേറിയതായിരുന്നു. അവൾ അവന്റെ ജീവൻ രക്ഷിച്ചു, മക്കളെ വളർത്തി, വലിയ വെല്ലുവിളികൾക്കിടയിലും അവനോടൊപ്പം നിന്നു. വിശ്വാസം, പ്രതികൂല സാഹചര്യങ്ങളിൽ ശക്തി, ശാന്തമായ ശക്തിയും ഭക്തിയും സമഞ്ജസമായി സമ്മേളിക്കുന്ന സ്വഭാവശ്രേഷ്ഠത, ആവശ്യമുള്ളപ്പോൾ നിർണായക നടപടി സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് അവളുടെ ജീവിതം വർത്തമാന കാലത്തിന് ബോധനം നൽകുന്നു.

ജോലി തേടി നാടുവിടുന്ന യുവതയെയും നാട്ടിൽ ഒറ്റപ്പെടുന്ന മാതാപിതാക്കളെയും കരുതണം: പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

കോട്ടയം: കേരളത്തെ നിക്ഷേപ സൗ?ഹൃദ സംസ്ഥാനമാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ ശ്ലാഘനീയമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് നൽകുന്നത് വലിയ പ്രതീക്ഷയാണ്. 1,52,905 കോടി രൂപയുടെ നിക്ഷേപ സന്നദ്ധത വിവിധ വ്യവസായ ഗ്രൂപ്പുകൾ വാഗ്ദാനം ചെയ്തു എന്നത് പ്രശംസനീയമാണ്. ഈ നിക്ഷേപ താൽപ്പര്യങ്ങൾ കൃത്യമായ ആസൂത്രണത്തിലൂടെ നടപ്പിലായാൽ അത് കേരളത്തിന്റെ ഭാവിതലമുറയെ ശോഭനമാക്കും.

മികച്ച തൊഴിലും ജീവിത നിലവാരവും സ്വപ്നം കണ്ട് കേരളത്തിൽ നിന്ന് വലിയ രീതിയിൽ കുടിയേറ്റം നടക്കുകയാണ്. യുവതലമുറയുടെ നാടുവിടൽ തടഞ്ഞ് നിർത്താൻ സാധ്യമല്ല. പക്ഷേ, നമ്മുടെ നാട്ടിൽ തൊഴിൽരംഗത്ത് വളർച്ച ഉണ്ടായാൽ തീർച്ചയായും അവർ സ്വന്തം നാടിന്റെ സുരക്ഷിത തണലിലേക്ക് മടങ്ങിവരിക തന്നെ ചെയ്യും. സ്വന്തം നാടിന്റെ തണലിൽ മാതാപിതാക്കൾക്കൊപ്പം കഴിയാൻ തന്നെയാണ് അവർ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിനെ പ്രവാസികളും ആകാംക്ഷയോടെയാണ് ഉറ്റുനോക്കുന്നത്.

കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിൽ രാഷ്ട്രീയം മറന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈകോർക്കുന്നത് അഭിനന്ദനാർഹമാണ്. വികസനത്തെ പിന്തുണയ്ക്കുമെന്ന പ്രതിപക്ഷ നിലപാടും പ്രശംസ അർഹിക്കുന്നു.

കുടിയേറ്റം കേരളത്തിന്റെ സാമൂഹിക -കുടുംബ അന്തരീക്ഷത്തെ വല്ലാതെ മാറ്റി മറിക്കുന്നുണ്ട്. മക്കൾ വിദേശത്തേക്ക് പോകുമ്പോൾ നാട്ടിൽ ഒറ്റപ്പെട്ടുപോകുന്ന മാതാപിതാക്കളുടെ കാര്യത്തിൽ സഭയുടെ സജീവ ശ്രദ്ധ ഉണ്ടാകണമെന്ന് സിനഡ് ചർച്ച ചെയ്തു. വയോധികരായ മാതാപിതാക്കൾക്ക് ആരാധനയിൽ പങ്കുകൊള്ളുന്നതിനും, അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇടവകകൾ പ്രത്യേകം ശ്രദ്ധചെലുത്തണം. കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന യുവസമൂഹത്തിന് ആ രാജ്യങ്ങളിൽ സഭ തണലാകണം. ആരാധനയിലും, ദൈവ വിശ്വാസത്തിലും ചേർന്ന് നിൽക്കുന്ന സമൂഹത്തിന് മദ്യ-മയക്കുമരുന്ന് ലഹരികളുടെ പ്രലോഭനങ്ങളെ പരാജയപ്പെടുത്താൻ കഴിയുമെന്ന് പരിശുദ്ധ സുന്നഹദോസ് വിലയിരുത്തി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സ്ത്രീകൾക്ക് വേദശാസ്ത്രം അഭ്യസിക്കാൻ അവസരം ഒരുക്കുന്നതിനെക്കുറിച്ച് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ചർച്ച ചെയ്തു. ഇതിനായി ഒരു വർഷത്തെ കോഴ്സ് ആരംഭിക്കുന്നതിനെക്കുറിച്ചാണ് ആലോചന നടന്നത്. സഭയുടെ സെമിനാരികൾ, ലൈബ്രറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സമഗ്രമായ വേദപഠനത്തിനുള്ള സാധ്യതകൾ പരിശോധിക്കും. സഭയിലെ 60 വയസിന് മുകളിൽ പ്രായമുള്ളവർക്കായുള്ള സെന്റ് ജോസഫ് എൽഡേഴ്സ് ഫോറത്തിന്റെ ഭരണഘടന അംഗീകരിച്ചതായും സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അറിയിച്ചു. പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി ചെന്നൈ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയെ നിയമിച്ചു



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ലൗലി ഹോമിലെ കമ്മ്യൂണിറ്റി സെന്ററിന്റെ ശിലാസ്ഥാപന കർമ്മം ഡോ. മാത്യൂസ് മാർ തീമോത്തിയോസ് നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. പി കെ കോശി, വൈദിക ശ്രേഷ്ഠർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, വിശ്വാസികൾ എന്നിവർ സന്നിഹിതരായിരുന്നു.

വലിയ നോമ്പിലെ രണ്ടാം ഞായർ (ഗർബോ/കുഷ്ഠരോഗി)

(വി. ലൂക്കോസ് 5:12-16; 4:40-41)



ഫാ. മോൻസി ഫിലിപ്പ്

വലിയ നോമ്പിലെ രണ്ടാം ഞായർ (ഗർബോ). യേശുതമ്പുരാൻ കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന ഞായർ. മറ്റ് എല്ലാ രോഗങ്ങളിലും വെച്ച് ഏറ്റവും ഭയാനകവും മാരകവുമായ രോഗമായിരുന്നു കുഷ്ഠരോഗം. സൗഖ്യപ്പെടാൻ യാതൊരു സാധ്യതയും ഇല്ലാത്ത രോഗം. യഹൂദന്മാർ കുഷ്ഠരോഗത്തെ പാപഫലമായി കണ്ടിരുന്നു. ലേവ്യപുസ്തകം 13, 14 അദ്ധ്യായങ്ങൾ കുഷ്ഠരോഗി പാലിക്കേണ്ട നടപടികളെക്കുറിച്ച്, കുഷ്ഠരോഗവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. "അശുദ്ധൻ, അശുദ്ധൻ എന്ന് വിളിച്ചുപറഞ്ഞുകൊണ്ട്" കുഷ്ഠരോഗി നടക്കണം. കുഷ്ഠരോഗിയെ താൻ ആയിരിക്കുന്ന സമൂഹം ഒറ്റപ്പെടുത്തുകയും തള്ളിക്കളഞ്ഞു പുറത്താക്കുകയും ചെയ്യും. അങ്ങനെ തള്ളപ്പെട്ടവനായ കുഷ്ഠരോഗിയെ ക്രിസ്തു തൊട്ടു സൗഖ്യം നൽകുന്നു എന്നുള്ളതാണ് ഇന്നേദിവസത്തിന്റെ പ്രത്യേകത.

ഇന്നത്തെ വേദഭാഗം

വി. ലൂക്കോസ് 5:12-16; 4:40-41

യേശുതമ്പുരാൻ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠരോഗബാധിതനായ ഒരു മനുഷ്യൻ യേശുവിനെ കണ്ട് കവിണ്ണുവീണു. 'കർത്താവേ നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും" എന്ന് അപേക്ഷിച്ചു. അപേക്ഷ കേട്ട് യേശു കൈനീട്ടി അവനെ തൊട്ടു. എനിക്ക് മനസ്സുണ്ട്, ശുദ്ധമാക എന്നു പറഞ്ഞു അവനെ സൗഖ്യമാക്കുന്ന രംഗം. യഹൂദന്മാരുടെ നിയമപ്രകാരം പുരോഹിതന് നിന്നെതന്നെ കാണിച്ചുകൊടുക്കുകയും നിയമപ്രകാരം ശുദ്ധീകരണ വഴിപാട് അർപ്പിക്കുവാനും ഉള്ള ആഹ്വാനം നടത്തി പറഞ്ഞയയ്ക്കുന്നു. അനേകർ സൗഖ്യത്തിനായി യേശുവിന്റെ അടുക്കൽ വന്നു. അവൻ പ്രാർത്ഥനയ്ക്കായി നിർജ്ജനപ്രദേശത്തേക്കു പോകുന്നു. ഇതാണ് ഇതിവൃത്തം. സമവീക്ഷണ സുവിശേഷങ്ങളായ വി. മത്തായി 8:1-4, വി. മർക്കോസ് 1: 40-44 കുഷ്ഠരോഗിയുടെ സൗഖ്യം പ്രതിപാദിക്കുന്നു.

വേദചിന്തകൾ

1. കുഷ്ഠരോഗിയും - സമർപ്പണവും:

വി. ലൂക്കോസ് 5: 12

"അവൻ ഒരു പട്ടണത്തിൽ ഇരിക്കുമ്പോൾ കുഷ്ഠം നിറഞ്ഞൊരു മനുഷ്യൻ യേശുവിനെ കണ്ടു കവിണ്ണുവീണു; കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു അവനോട് അപേക്ഷിച്ചു."

കുഷ്ഠരോഗികളെ മരിച്ചവർക്ക് തുല്യമാണ് യഹൂദർ കണ്ടിരുന്നത് എന്ന് യഹൂദ ചരിത്രകാരൻ ജോസിഫസ് പറയുന്നു. സമൂഹമദ്ധ്യത്തിൽ നിന്നും മാറ്റി, പാളയത്തിനു വെളിയിൽ ദൂരത്തിലെ, പാർക്കാവൂ. കീറവസ്ത്രം ധരിച്ച് തലമുണ്ഡനം ചെയ്ത് ചുണ്ടിന്മേൽ ഒരാവരണം പതിച്ചും "അശുദ്ധൻ, അശുദ്ധൻ" എന്നു വിളിച്ചുപറഞ്ഞുകൊണ്ടും (ലേവ്യ 13:45) മാത്രമേ പുറത്തിറങ്ങി നടക്കാവൂ എന്നതാണ് കുഷ്ഠരോഗികളിന്മേൽ യഹൂദാ നിയമം.

മദ്ധ്യശതകങ്ങളിൽ ഒരു കുഷ്ഠരോഗിക്ക് ശവസംസ്കാര ശുശ്രൂഷ നടത്തിയിട്ട്അവനെ മാറ്റിപ്പാർപ്പിക്കുമായിരുന്നത്രെ. നമ്മുടെ കർത്താവിന്റെ കാലത്ത് യരുശലേം നഗരപരിധികളിൽ കുഷ്ഠരോഗിക്കു പ്രവേശനമില്ലായിരുന്നു. ഒരു മൃതശരീരത്തിൽ തൊട്ടാലുണ്ടാകുന്ന അശുദ്ധിക്കു തുല്യമായിരുന്നു കുഷ്ഠരോഗിയെ സ്പർശിക്കുന്നതും. കാറ്റുള്ള ഭാഗത്താണ് ഒരു രോഗി എങ്കിൽ അവൻ 100 ക്യൂബിറ്റ് ദൂരെ നിൽക്കുവാൻ പാടുള്ളു. സമസൃഷ്ടികളിൽ നിന്നും പാടെ അകറ്റുന്ന മറ്റൊരു രോഗവുമില്ല. അങ്ങനെയുള്ളവന്റെ മേൽ നമ്മുടെ കർത്താവ് തൃക്കൈ വച്ചത്.

"കുഷ്ഠരോഗം ബാധിച്ച ശരീരം തീയിൽ വീണാൽ പൊള്ളുന്നില്ല. വെള്ളത്തിൽ വീണാൽ തണുപ്പു അറിയുന്നില്ല. വിരൂപമാകാൻ വ്രണപ്പെടുത്തിയാൽ വേദന അറിയുന്നില്ല. ഛേദിച്ചുകളഞ്ഞാൽ വേദന അറിയുന്നില്ല." - നിസായിലെ ഗ്രീഗോറിയോസ്.

ഇതാണ് രോഗത്തിന്റെ തീവ്രത. പ്രവേശനം ലംഘിച്ചിടത്ത് ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് വരുന്ന കുഷ്ഠരോഗി ചില പാഠങ്ങൾ നമ്മുടെ ഹൃദയത്തിൽ കോരിയിടുന്നു.

1. നമ്മുടെ കർത്താവിന് സകലവും സാധ്യം എന്നുള്ള ഉറച്ച വിശ്വാസം.
2. വിനയാന്വിതമായ സമീപനം.
3. ആരാധനാപൂർവ്വമായ അപേക്ഷ.

വ്യക്തിജീവിതങ്ങളിൽ നഷ്ടപ്പെടുന്ന കാര്യങ്ങളാണ് ഇവ മൂന്നും. വിശ്വാസമില്ലാതെ അവിശ്വാസത്തിന്റെ ജീവിതം, വിനമമില്ലാത്ത സമീപനങ്ങൾ, ആരാധനാജീവിതത്തിലെ ഉദാസീനത. എന്നാൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടവൻ, തള്ളപ്പെട്ടവൻ ക്രിസ്തുവിനെ അറിയുന്നു. അവനെ സമീപിക്കുന്നു. അവൻ അവനെതന്നെ സമർപ്പിക്കുന്നു.

സമർപ്പണം

കുഷ്ഠരോഗി കവിണ്ണുവീണു നമസ്കരിച്ചു. താണുവീണു വണങ്ങിയുള്ള അഭ്യർത്ഥന സമർപ്പണത്തിന്റെ ലക്ഷണമാണ്. ഭൂമിയോളം താഴുന്നത് വിനയലക്ഷണമാണ്. ആരാധനയുടെ ശ്രേഷ്ഠത കുഷ്ഠരോഗിയുടെ സമർപ്പണത്തിൽ ദർശനവേദ്യമാണ്. കുമ്പിട്ടുള്ള പ്രണാമം അർത്ഥവത്താണ്.

"ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു" (ദാനി. 6:10).

"സമഭൂമിയിൽ യെഹസ്കേൽ പ്രവാചകൻ ദൈവമുമ്പാകെ മുട്ടുകുത്തുന്നു."

"ഞാൻ കെബാർ നദീതീരത്തു കണ്ട മഹത്വം പോലെ അവിടെ യഹോവയുടെ മഹത്വം നിൽക്കുന്നതു കണ്ടു ഞാൻ കവിണ്ണുവീണു" (യെഹ.3:23).

പത്മോസ് ദ്വീപിലെ വെളിപാടുണ്ടായ യോഹന്നാൻ കവിണ്ണുവീണു. "അവനെ കണ്ടിട്ടു ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു" (വെളി. 1:17).

ദൈവത്തിന്റെ മുമ്പാകെ കവിണ്ണുവീണു നമസ്കരിക്കുന്ന അനുഭവം നമുക്കുണ്ടാകണം. കുഷ്ഠരോഗി ക്രിസ്തുവിൽ തന്നെതന്നെ സമർപ്പിച്ചു സാഷ്ടാംഗം വീണു. കാരുണ്യവാനായ ക്രിസ്തുവിന് സകലരേയും സ്നേഹത്തിന്റെ ആത്മാവിൽ അംഗീകരിക്കുവാനാകും എന്ന സത്യം അവൻ തിരിച്ചറിഞ്ഞു. ക്രിസ്തുവിൽ എല്ലാത്തിനും പരിഹാരമുണ്ടെന്ന ഉത്തമമായ ആത്മബോധ്യം അവനെ സമർപ്പണത്തിന് ഒരുക്കി. നമുക്കും ഈ തിരിച്ചറിവും ബോധ്യവും അനിവാര്യമാണ്. കുഷ്ഠരോഗിയെപ്പോലെ നമുക്കും സമർപ്പണത്തിന്റെ പാത പിൻതുടരാം. കുഷ്ഠരോഗി ചെയ്ത കാര്യങ്ങൾ.

1. അവൻ യേശുവിനെ കണ്ടു.
2. കവിണ്ണു വീണു.
3. കർത്താവേ നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് അപേക്ഷിച്ചു.

നാമും ആരാധനയിൽ ക്രിസ്തുവിനെ അനുഭവിച്ചും നേരിട്ടും അറിഞ്ഞ്, ബുദ്ധിയും, ജീവശ്വാസവും, പ്രവർത്തനങ്ങളും, ചലനങ്ങളും നടത്തയും എല്ലാം

ദൈവമേ അങ്ങയുടെമുമ്പാകെ സമർപ്പിക്കുന്നു എന്നർത്ഥത്തിന്റെ പൂർത്തീകരണമായ സാഷ്ടാംഗപ്രമാണം അഥവാ കുമ്പിടീൽ ആരാധന സമർപ്പണം ശീലമാക്കാം.

“രോഗികൾക്ക് ആശ്വാസമാകുന്ന വചനം അവർക്ക് അനുഭവ വേദ്യമാകുന്ന അപ്പമായി ജീവിതത്തെ രൂപാന്തരപ്പെടുത്തുമ്പോൾ നാമും ക്രിസ്താനുകാരികൾ ആകും”...

2. യേശുവിന്റെ വറ്റാത്ത സ്നേഹം - സൗഖ്യം

വി. ലൂക്കോസ് 5:13

“യേശു കൈനീട്ടി അവനെ തൊട്ടു: എനിക്ക് മനസ്സുണ്ടു: ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം അവനെ വിട്ടുമാറി.”

യേശുതമ്പുരാൻ കുഷ്ഠരോഗിയെ തൊടുന്നത് ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും, മനസ്സലിവിന്റെയും പ്രദർശനമാണ്. യേശുതമ്പുരാൻ അശുദ്ധനായ ഒരുവനെ തൊട്ട് അവനെ ശുദ്ധനും സൗഖ്യമുള്ളവനാക്കിയിട്ട് പുരോഹിതന്മാർക്കു നിന്നെ കാണിപ്പാനും, ശുദ്ധീകരണനിയമ നിവർത്തിക്കുവാനും പറഞ്ഞയയ്ക്കുന്നു. ആത്മീയ മണ്ഡലത്തിലെ ക്രിസ്തുവിന്റെ പ്രവർത്തിയുടെ ഒരു ചിത്രമാണിത്.

“ഞാൻ നിങ്ങളോടുസംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു.”

(വി. യോഹ. 15:3)

ദൈവം തന്നെ സ്വർഗ്ഗീയ വൈദ്യനാകകൊണ്ട് ഒരാളുടെ ശരീരത്തിന്റെയും, മനസ്സിന്റെയും ആത്മാവിന്റെയും ശുദ്ധീകരണ വൈദ്യനാണ്. അവന്റെ സ്നേഹം അനന്തമാണ്.

ക്രിസ്തുവിൽ ദർശിക്കുന്ന മാഹാത്മ്യങ്ങൾ

1. സഹതാപം
2. സ്നേഹം
3. അഗതികളെം സഹായിക്കുന്നതിന് നിയമത്തിന്റെ വേലിക്കെട്ടില്ല.
4. ഈ സ്പർശനംമൂലം - നിയമ ദാതാവായ താൻ അധികാരിയെപ്പോലെ പഠിപ്പിക്കുവാനും പ്രവർത്തിക്കുവാനും അധികാരമുള്ളവൻ എന്നു സ്പഷ്ടമാക്കി.

കാരുണ്യത്തിന്റെ ഉറവ സമൂഹത്തിൽ വറ്റിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സ്നേഹത്തിന്റെ ഉറവ ക്രിസ്തു മാത്രമാണെന്ന് നാം തിരിച്ചറിയണം. തൊട്ടുകൂടാത്തവനെ തൊടുവാനും സ്നേഹത്തിനർഹതയില്ലാത്തവനെ സ്നേഹിക്കാനും, മാപ്പിനർഹതയില്ലാത്തവന് മാപ്പ് കൊടുക്കുവാനും നാം പരിശീലിക്കണം. അതാണ് ക്രൈസ്തവീകതയുടെ അന്തസത്ത. നമ്മുടെ ഹൃദയത്തിലെ സ്നേഹമാണ് സേവനത്തിന് അടിസ്ഥാനം.

വി. കുർബ്ബാന തക്സായിൽ,

“വറ്റിപ്പോകാത്ത ഉറവയായ നിന്നെ പാനംചെയ്യുവാൻ ദാഹിച്ചിരിക്കുന്നവരുടെ മുമ്പാകെ നീ സ്വയം തുറന്നു കൊടുത്തു. സ്തോത്രത്തിന്റെ കാസായാകുന്ന നിന്നിൽ നിന്ന് സ്വജാതിയരും വിജാതിയും പാനം ചെയ്തിട്ടും കുറവും വരുന്നില്ല. സന്തോഷങ്ങളുടെ പാനീയമായവനേ; സെഹിയോനു ദാഹശമനം വരുത്തുവാൻ നീ താണ് ഇറങ്ങി വന്നു.”

(അന്ത്യോഖ്യയിലെ മാർ ഒസ്താത്തേവോസ് പാത്രിയർക്കീസിന്റെ സെദറാ)

നിരാശയിൽ കഴിഞ്ഞ കുഷ്ഠരോഗിയെ യേശു സ്പർശിച്ചതുകൂടെ ഒരു സന്ദേശം. രോഗമില്ലാത്ത ലോകം നിന്നെ ഉപേക്ഷിച്ചിട്ടില്ല നീ ഇപ്പോഴും ഒരു വ്യക്തിയുടെ അവകാശങ്ങൾക്കർഹനാണ്. നീ ദൈവത്തിന്റെ സൃഷ്ടിയാണ്.

“നിങ്ങൾക്ക് രോഗമില്ല, സമൂഹത്തിലെ ഉന്നതന്മാരുടെ മനോരോഗമാണ് ഈ പാപങ്ങളുടെ രോഗം നിലനിർത്തുന്നത്.” - ഡോ. സുകുമാർ അഴീക്കോട്.

യേശു നൽകിയ സത്യം ഇങ്ങനെ

1. യേശു കൈ നീട്ടി- തൊട്ടുള്ള സൗഖ്യം
2. എനിക്കു മനസ്സുണ്ട് - സ്നേഹത്തോടുള്ള സൗഖ്യം
3.ശുദ്ധമാക - പ്രാർത്ഥനയോടുള്ള സൗഖ്യം.

“മനുഷ്യരോടുള്ള സ്നേഹം മൂലം ഭൂവാസികളുടെ രോഗങ്ങളെയും കറകളെയും ഇല്ലാതാക്കുവാൻ, ഈ ലോകത്തിൽ നിസ്സാരനെപ്പോലെ കാണപ്പെടുകയും തന്റെ അടുത്തു ചെന്ന കുഷ്ഠരോഗിയുടെ രോഗം സുഖപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ വൈദ്യനായ കർത്താവേ; ഞങ്ങളുടെ പഴയ മനുഷ്യന്റെ മലിനവസ്ത്രത്തെ ഉരിഞ്ഞ് കളഞ്ഞ്, നീതിയാലും യഥാർത്ഥ പുണ്യത്താലും നിന്നാൽ നിർമ്മിക്കപ്പെട്ട പുതിയ വസ്ത്രം ഞങ്ങളെ ധരിപ്പിക്കേണമെ.” ...

(ഗർബോ ഞായർ സന്ധ്യ; സ്ലൂസോ)



The Calcutta Diocese Priest Meeting took place on March 05, 2025 at St. Thomas Ashram Chapel, Bhilai.



നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിയണം

കോട്ടയം: വിജ്ഞാന മണ്ഡലത്തെ സമഗ്രമായി പരിവർത്തനം ചെയ്യിപ്പിക്കുവാൻ കരുത്തുള്ള നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിയണമെന്ന് ശാസ്താംകോട്ട, ബസേലിയോസ് മാത്യൂസ് കക എൻജിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് വകുപ്പ് വിഭാഗം മേധാവിയും വൈസ് പ്രിൻസിപ്പലുമായ പ്രൊഫ. ഡോ. ഡെന്നിസ് മാത്യു പറഞ്ഞു.

Divine code: Exploring AI through a Theological Lens, എന്ന വിഷയം അടിസ്ഥാനമാക്കി ഓർത്തഡോക്സ് തീയോളജിക്കൽ സെമിനാരിയുടെ, തീയോളജിക്കൽ അസോസിയേഷന്റെ നേതൃത്വത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അജപാലനരംഗത്ത് നിർമ്മിത ബുദ്ധി സൃഷ്ടിക്കുന്ന സാധ്യതകളും, വെല്ലുവിളികളും ചർച്ച ചെയ്തു. വിദ്യാർത്ഥികൾ ഉന്നയിച്ച സംശയങ്ങൾക്ക് ക്രിയാത്മകമായ ഉത്തരങ്ങൾ നൽകി.

സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അധ്യക്ഷത വഹിച്ചു. നാഗപ്പൂർ സെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, തിയോളജിക്കൽ അസോസിയേഷൻ സെക്രട്ടറി സാജൻ സാമുവൽ എന്നിവർ പ്രസംഗിച്ചു.

Healing and Restoration: Christ's Compassion for the Outcast



(St. Luke 5:12–16; 4:40–41)

Dn. Aaron Joshua John

The Second Sunday of Great Lent, known as Lepers' Sunday, reminds us that Lent is not only a season of repentance but also one of healing and restoration. The leper in the Gospel of Luke 5:12–16 approaches Christ, saying, "Lord, if You are willing, You can make me clean." In response, Jesus reaches out and touches him, saying, "I am willing; be cleansed." This encounter encapsulates the heart of Lent, a time when we acknowledge our spiritual leprosy, bring our wounds to Christ, and allow His touch to restore us. The readings for this Sunday, from 2 Kings 5 (the healing of Naaman) to the miracles in Acts 5, reveal that God's mercy extends to those society often rejects, and that healing comes through faith and humility.

1. Christ the Healer of Both Body and Soul

The physical healing of the leper is significant, but it points to a deeper spiritual reality. In biblical times, leprosy was seen as both a physical disease and a symbol of sin and impurity. Lepers were cast out of the community, separated from worship, and considered ritually unclean. Yet, Christ does not recoil from the leper, He touches him, breaking social and religious barriers to restore not just his body but his dignity and place in the community. St. Cyril of Alexandria writes: "He stretched out His hand to the man, showing that He is not subject to the Law but is Himself the giver of the Law. For He who is the Word of God makes that which is corrupted whole again." This touch foreshadows the cross, where Christ bears the weight of our sin to restore our communion with God. It also prefigures the Eucharist, where Christ touches us not with His hand, but with His very body and blood, cleansing us from within.

The healing of the leper reminds us of the words in Romans 3:27–28, that righteousness comes not through works but through faith. Just as the leper could not heal himself but trusted in Christ's power, so we, during Lent, are called to confess our sins and trust that Christ will purify us: "If we confess our sins, He is faithful and just to forgive us our sins and to cleanse us from all unrighteousness" (1 John 1:9).

2. The Power of Humility and Persistent Prayer

The healing of the leper echoes the story of Naaman in 2 Kings 5, who, though initially prideful, humbled himself and washed in the Jordan River to be cleansed. Both the leper and Naaman teach us that healing requires humility, an essential Lenten virtue. St. John Climacus says: "Humility is the only thing that no devil can imitate. It is victory over every temptation." When we recognize our spiritual sickness and cry out to Christ in humility, He draws near to us, just as He drew near to the leper. This humility must be coupled with persistent prayer. In Luke 5:16, after healing the leper, Christ withdraws to pray. His example shows us that healing and spiritual strength are sustained through constant communion with the Father. Similarly, the morning Gospel reading (Mark 9:29) reminds us that some struggles can only be overcome through prayer and fasting. Lent, with its call to



increased prayer and asceticism, mirrors this truth, it is through persistently seeking God that we are gradually purified and healed.

The promise of restoration extends beyond the individual to the community. The Acts readings (Acts 5:12–16) show the apostles continuing Christ's healing work, with people bringing the sick so that even Peter's shadow might fall on them. The healing that began with Christ continues through His Body, the Church, reminding us that our spiritual restoration is not only personal but communal. Lent, therefore, is a time to seek reconciliation not just with God but with one another, restoring the bonds of love that sin weakens.

This Sunday calls us to see Lent as a season of profound hope. Just as Christ reached out to touch the leper, He reaches out to us in our brokenness, through prayer, the sacraments, and the life of the Church. St. Basil the Great encourages us: "Let us receive the medicine of repentance; let us present ourselves to the Physician of souls, and let us not be ashamed to show Him our wounds." As we continue this Lenten journey, let us approach Christ with the same faith as the leper, saying, "Lord, if You are willing, You can make me clean." And let us trust that through humility, persistent prayer, and acts of love, He will heal us, restore us, and lead us into the radiant joy of Pascha, where the brokenness of death is forever replaced with the fullness of life. May we carry this hope with us, inviting Christ to cleanse our hearts and transform our lives, so that we may one day stand before Him, fully healed, and hear the words: "Behold, I make all things new" (Revelation 21:5). ❑



ഐക്യം ദേശിയോദ്ഗ്രഥനത്തിലേക്ക് നയിക്കണം

നിഖ്യാ വിശ്വാസ പ്രമാണത്തിൽ അടങ്ങിയിരിക്കുന്ന സാർവത്രിക സ്നേഹം സഭകൾ തമ്മിലുള്ള ഐക്യം ശക്തമാക്കുന്നതിന് കാരണമാകണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ. ഐക്യം ദേശിയോദ്ഗ്രഥനത്തിലേക്ക് നയിക്കണം. നിഖ്യാ സുന്നഹദോസിന്റെ 1700-ാമത് വാർഷികവുമായി ബന്ധപ്പെട്ട് ചർച്ച് ഓഫ് ഇന്ത്യ സംഘടിപ്പിച്ച ക്രിസ്ത്യൻ ലീഡേഴ്സ് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവാ. സമ്മേളനം ബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദബോസ് ഉദ്ഘാടനം ചെയ്തു. രാഷ്ട്ര പുനർനിർമ്മാണത്തിൽ ക്രൈസ്തവ സമൂഹം നൽകിയ സംഭാവനകൾ ശ്രേഷ്ഠമാണെന്ന് ഗവർണർ പറഞ്ഞു.



വടക്കൻ മേഖല വൈദിക സംഗമം കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ മുളക്കളം സെന്റ് ജോർജ് ഓർത്തഡോക്സ് കർമ്മേൽക്കുന്ന് പള്ളിയിൽ വച്ച് നടത്തി. അഖില മലങ്കര വൈദിക സംഘം പ്രസിഡണ്ട് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച സമ്മേളനം അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.



കുന്നംകുളം ഭദ്രാസന വൈദികരുടെ നോമ്പുകാല ധ്യാനം ആർത്താറ്റ് അരമനയിൽ വച്ച് ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസിന്റെ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.



കോട്ടയം പഴയസെമിനാരിയിൽ നടന്ന ശുബ്കോനോ ശുശ്രൂഷയ്ക്ക് സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ കാർമികത്വം വഹിച്ചു.



മലങ്കരസഭയുടെ ഇക്കോളജിക്കൽ കമ്മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ഹരിത നോമ്പ് ആചരണത്തിന്റെ ഔദ്യോഗിക ലോഗോ പ്രകാശനം കണ്ടനാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. പരിസ്ഥിതി കമ്മിഷൻ അംഗം ലിന്റോ പോൾ ജേക്കബ്, ഡോ. ആമോസ് പി. തോമസ് എന്നിവർ നേതൃത്വം നൽകി



ഡോ. തോമസ് മാർ അത്താനാസിയോസ് രചിച്ച 'യഹോവ എന്റെ ദൈവമാകുന്നു' എന്ന ഗ്രന്ഥം നാഗപ്പൂർ സെൻറ് തോമസ് സെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. ബിജേഷ് ഫിലിപ്പ് പ്രകാശനം ചെയ്തു. ഫാ. കെ. വി. ഏലിയാസ് പുസ്തക പരിചയം നടത്തി.



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന 18-ാമത് ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ മാർ പീലക്സിനോസ് നഗറിൽ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ മാത്യൂസ് മാർ തീമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.



Adon C Mathew (Niranam), BD 1 Seminary Best Preacher 2024-25

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു ഹരിത നോമ്പിന് ആഹ്വാനം ചെയ്ത് ഓർത്തഡോക്സ് സഭ

കോട്ടയം: ലോകമെമ്പാടുമുള്ള ക്രൈസ്തവർ വലിയ നോമ്പിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുമ്പോൾ ഏഴ് പ്രമേയങ്ങൾ അടിസ്ഥാനപ്പെടുത്തി ഹരിതനോമ്പ് ആചരിക്കാൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ആഹ്വാനം ചെയ്തു. വലിയനോമ്പിന്റെ ആദ്യ ആഴ്ച്ചയിൽ ജല സംരക്ഷണമാണ് പ്രമേയം. ജല സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണം വിശ്വാസികൾക്കിടയിൽ നടത്തും. മഴവെള്ള സംഭരണത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കും. ഈ ആഴ്ച്ചയിൽ ജല സ്രോതസുകളുടെ ശുചീകരണം നടത്തും. പള്ളികളിൽ ജലസംക്ഷണ പ്രതിജ്ഞ എടുക്കുന്നതിനൊപ്പം ജല ഓഡിറ്റിങ്ങും നടത്തും.

നോമ്പിന്റെ രണ്ടാം ആഴ്ച്ചയിൽ പരിസ്ഥിതി സന്തുലിതാവസ്ഥയുടെ പുതുക്കമാണ് മുഖ്യവിഷയം. ദൈവാലയ പരിസര ശുചീകരണവും, ഉദ്യാനങ്ങൾ പുനരുദ്ധരിക്കുകയും, സമീപത്തെ പാർക്കുകളുടെ നവീകരണം നടത്തുകയും, പെതുസ്ഥലങ്ങളിൽ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും ചെയ്യും. പരിസ്ഥിതി – ദൈവശാസ്ത്ര സെമിനാറുകൾ ഇതിനൊപ്പം സംഘടിപ്പിക്കും.

വലിയ നോമ്പിന്റെ മൂന്നാം ആഴ്ച്ചയിൽ പ്രകൃതി ഏവരുടേയും എന്ന സന്ദേശത്തിൽ പ്രചാരണം നടത്തും. ദൈവാലയത്തെ വീൽചെയർ സൗഹൃദമാക്കുന്നതിന് പ്രാധാന്യം നൽകണം. ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രകൃതിഭംഗി ആസ്വദിക്കാൻ അവസരമൊരുക്കുകയും പരിസ്ഥിതി നടത്തം സംഘടിപ്പിക്കുകയും ചെയ്യണം.

മാലിന്യ ലഘൂകരണമാണ് നാലാം ആഴ്ച്ചയിലെ പ്രമേയം. വീടുകളിലും, പള്ളികളിലും, സഭാ സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്ക്കരണം നടപ്പിലാക്കുക എന്ന സന്ദേശം വ്യാപകമായി പ്രചരിപ്പിക്കും. ദൈവാലയങ്ങളിലെ ആവശ്യങ്ങൾക്കായി ഡിസ്പോസിബിൾ പാത്രങ്ങൾ ഉപയോഗിക്കരുത്. പേപ്പർ, പ്ലാസ്റ്റിക്ക് നിർമ്മിത ഗ്ലാസുകളുടെയും, പാത്രങ്ങളുടെയും ഉപയോഗം പരമാവധി കുറയ്ക്കുക എന്നതാണ് ലക്ഷ്യം.

അഞ്ചാം ആഴ്ച്ചയിൽ ഊർജ സംരക്ഷണത്തിന്റെ പ്രധാന്യമാണ് മുഖ്യവിഷയം. വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഒരു ദിവസത്തെ പ്രാർത്ഥനാ ചടങ്ങുകൾ പൂർണമായും മെഴുകുതിരി വെളിച്ചത്തിൽ നടത്തും. CANDLE LIGHT WORSHIP ലൂടെ വൈദ്യുതി ഉപഭോഗം കുറച്ച് മാതൃക തീർക്കും. ഇതോടൊപ്പം എനർജി ഫാസ്റ്റിങ് അഥവാ ഊർജ ഉപവാസ ചലഞ്ചുകൾ സംഘടിപ്പിക്കണം. ദൈവാലയങ്ങളിലെയും, സ്ഥാപനങ്ങളിലെയും വൈദ്യുത ലൈറ്റുകൾ എൽ.ഇ.ഡി. യിലേക്ക് മാറ്റി വൈദ്യുതി ഉപഭോഗം കുറയ്ക്കാം.

സൃഷ്ടി പരിപാലനമാണ് ആറാം ആഴ്ച്ചയിലെ മുഖ്യചിന്താവിഷയം. ദൈവത്തിന്റെ സൃഷ്ടിയിൽ മനുഷ്യർക്ക് സവിശേഷ പങ്കും ഉത്തരവാദിത്വവുമുണ്ടെന്ന അവബോധം വളർത്തും. പരിസ്ഥിതി ദിനത്തിൽ നട്ട വൃക്ഷത്തൈകളുടെ പരിപാലനം നടത്തണം. യുവാക്കൾക്കായി എക്കോ ട്രെയിനിങ് സംഘടിപ്പിക്കാം. സഭയുടെ സൺഡേ സ്ക്കൂൾ കുട്ടികൾക്കായി പരിസ്ഥിതി വിജ്ഞാന ക്ലാസുകളും നടത്തും.

ഏഴാം ആഴ്ച്ചയിൽ പരിസ്ഥിതി സൗഹൃപരമായ റോഡ് ഗതാഗതത്തെ പ്രോത്സാഹിപ്പിക്കും. കാർ രഹിത ഞായർ ആചരിച്ച് ദൈവാലയത്തിലേക്ക് നടന്നുപോകാം. ഒന്നിലധികം ആളുകൾ ഒരുമിച്ച് ഉപയോഗിക്കുന്ന കാർ പൂളിങ് നടപ്പാക്കാം. വാഹനങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായി അയൽക്കാർ ഒരുമിച്ച് ഒരുവാഹനത്തിൽ ദൈവാലയത്തിലേക്ക് എത്താൻ ശ്രമിക്കണം. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ആഴ്ച മാറ്റിവെക്കാം.

നോമ്പും ഉപവാസവും വ്യക്തിഗത ആത്മീയപോഷണത്തിന് സഹായിക്കും. മനുഷ്യന് പ്രകൃതിയോടും, സഹജീവികളോടും ചില ഉത്തരവാദിത്വങ്ങളുണ്ട്. പ്രകൃതിയെ കരുതുന്ന 50 ദിനങ്ങളിലൂടെ ആ ഉത്തരവാദിത്വം നിറവേറ്റാൻ കഴിയുമെന്ന് സഭയുടെ ഇക്കോളജിക്കൽ കമ്മീഷൻ പ്രസിഡന്റ് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. വലിയ നോമ്പിന്റെ ആരംഭ ദിവസം കല്ലട സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ ഹരിത നോമ്പിന്റെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യും.



തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയ നവീകരണ ശിലാസ്ഥാപനം മാർച്ച് രണ്ടിനു വി. കുർബ്ബാനയ്ക്കുശേഷം, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. എബ്രഹാം റമ്പാൻ (ദയാഭവൻ, ബാംഗളൂർ), കുര്യൻ ഉതുപ്പ് കോർ എപ്പിസ്കോപ്പ, ഫാ. ജോൺ പ്ലാപ്പറമ്പിൽ ഡോ. ഷാജി കെ. തോമസ്, ഫാ. ഇട്ടി തോമസ് കാട്ടാമ്പാക്കൽ (വികാരി), ഫാ. മോൻസി വർഗീസ് പീടികപ്പറമ്പിൽ (സഹ വികാരി), മാണി സഖറിയ (ട്രസ്റ്റി), കുര്യൻ കെ മാത്യു (സെക്രട്ടറി) എന്നിവർ നേതൃത്വം നൽകി.



പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് എന്നിവർ സന്നിഹിതരായി. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, പ്യൂപ്പിൾ ഫസ്റ്റ് ഹെഡ് ഓഫ് ഡിജിറ്റൽ പബ്ലിക് ഗുഡ്സ് ബോധിഷ് കരിങ്ങാട്ടിൽ, സോഷ്യൽ പോളിസി ഹെഡ് രഞ്ജിത് ബാലാജി എന്നിവർ പങ്കെടുത്തു.



ന്യൂഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ (I.I.M.C.) പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമാ ഇൻ ജേർണലിസം (മലയാളം 2023–24) ഒന്നാം റാങ്ക് നേടിയ എം. തോമസ് യാക്കോബ്, കേന്ദ്ര ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിഗ് വകുപ്പു മന്ത്രി അശ്വനി വൈഷ്ണവിൽ നിന്നും സ്വർണ്ണ മെഡൽ സ്വീകരിക്കുന്നു. കോട്ടയം വടക്കൻണ്ണൂർ പള്ളി ഇടവകാഗം അരീപ്പറമ്പ് മേലടത്ത് ഡോ. എം. കുര്യൻ തോമസിന്റെ പുത്രനാണ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്നും ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. ഇപ്പോൾ പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളജ് വിദ്യാർത്ഥി.